കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നെന്മാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

E-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി.18/262/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി: 26-04-2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നെന്മാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെന്മാറ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.
************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെന്മാറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും)

ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പി.കെ.ഡി.18/262 /2019 തിയ്യതി: 26/04/2019

പാലക്കാട് ജില്ലയില നെന്മാറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെട്ടവിക്കുന്നത്)

പാലക്കാട് ജില്ലയിലെ നെന്മാറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 25-7-2017 മുതൽ 12-2-2019 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടത്തിയിട്ടുണ്ട്.

28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ഹണി ജോസഫ് ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13-2-2019 മുതൽ 25-1-2019 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ. കെ.വി.അരവിന്ദാക്ഷൻ | ഓഡിറ്റ് ഓഫീസർ |
| കെ.വി.സുസ്മിത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ഐ.സുലൈമാൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| കെ.ആർ. രമാദേവി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| കൃഷ്ണദാസ്. എൻ.വി | ഓഡിറ്റർ |
| പി.വിജയൻ | ഓഡിറ്റർ (മനുഷ്യദിനം കണക്കാക്കിയിട്ടില്ല) |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ. പ്രേമൻ | 1-4-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ. ഇ.ഷാജഹാൻ | 1-4-2017 മുതൽ 31-7-17 വരെ & 1-9-2017 മുതൽ 25.1.18 വരെ |
| | ശ്രീ. ഉണ്ണികൃഷ്ണപിള്ള | 28-1-2018 മുതൽ 31-3-2018 വരെ |
| | ശ്രീ. ഗോപകുമാർ (അസി.സെക്രട്ടറി -ചാർജ്) | 1-8-17 മുതൽ 30-8-17വരെ & 25-1-18 മുതൽ 27-1-18 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.രേവതി.ആർ | 1-4-2017മുതൽ 29-7-17 |
| | ശ്രീ.റഫീഖ് .എം.എ | 30-7-17മുതൽ 26-10-2017 വരെ |
| | ശ്രീ,വരുൺ.വി | 26-10-2017 മുതൽ 31-3-2018 വരെ |
| വി.ഇ.ഒ - 1 | ശ്രീ. പ്രഭുറാം | 1-4-2017മുതൽ 31-3-2018 വരെ |
| വി.ഇ.ഒ - 1I | ശ്രീ. ഷിജു.സി | 1-4-2017മുതൽ 31-3-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ചെല്ല | 1-4-2017മുതൽ 31-7-2017 |
| | ശ്രീമതി. ഉഷാദേവി.കെ.കെ | 1-8-2017 മുതൽ 18-12-2017 |
| | ശ്രീമതി. രാജിത്ര.എ.ആർ | 19-12-2017മുതൽ 31-3-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.അബ്ദുൾ കരീം.വി.എച്ച്. | 1-4-2017 മുതൽ 22-9-2017 വരെ |

| | | |
|---|---|---|
| | ശ്രീ. തോമസ്.പി.ജോൺ | 23-9-2017മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ-CHC | ഡോ. ഗീത.വി.സി | 1-4-2017 മുതൽ 1-8-2017വരെ |
| | ഡോ.ഷൈജ.ജെ.എസ്. | 2-8-2017 മുതൽ 28-2-2018 വരെ |
| | ഡോ. ജോവിൻ ജോസ് | 1-3-2018 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.ബിന്ദു.കെ | 1-4-2017 മുതൽ 31-3-2018 വരെ |
| സീനിയർ വെറ്ററിനറി സർജ്ജൻ | ഡോ. ബി.ജയശ്രീ. | 1-4-2017 മുതൽ 31-3-2018 വരെ |
| എച്ച്.എം | ശ്രീമതി.കൊച്ചുത്രേസ്യ.ടി.ഡി | 1-4-2017 മുതൽ മുതൽ 31-3-18 |
| അസി.സെക്രട്ടറി | ശ്രീ. ഗോപകുമാർ | 1-4-2017 മുതൽ 31-3-2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. സുരേഷ്കുമാർ | 1-4-2017 മുതൽ 31-3-2018 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

27.3.2017 തീയതിയിലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

മുന്നിരിപ്പ് - 4884000

വരവ് - 321563050

ചെലവ്- 320064000

നീക്കിയിരിപ്പ് - 6383050

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2018 | 25.05.2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22-6-18 | കെ.എസ്.എ-പികെഡി.21/1904 (34)/2018 തിയതി:29-8-2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28480996 |
| വരവ് | 131329400 |
| ആകെ | 159810396 |

| | |
|---|---|
| ചെലവ് | 126981689 |
| നീക്കിയിരിപ്പ് | 32828707 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക/ സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 21852000 | 21852000 | 18985753 | 2866247 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 9804010 | 9804010 | 8089435 | 1714575 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 479805 | 479805 | 434000 | 45805 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 15148000 | 15148000 | 15131085 | 16915 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4781000 | 4781000 | 2846601 | 1934399 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 10667542 | 10667542 | 10552470 | 115072 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം)-central share | | 0 | 1911358 | 1911358 | 1910157 | 1201 |
| സാക്ഷരത | | 5947 | 119 | 6066 | 0 | 6066 |
| ദുരിതാശ്വാസനിധി | | 40887 | 1426 | 42313 | 630 | 41683 |
| എം.ജി.എൻ.ആർ.ഇ. | തൊഴിലാളികളുടെ | 0 | 16660196 | 16660196 | 16660196 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | കൂലി | | | | | |
| ജി.എസ് | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 25917 | 1061908 | 1087825 | 595294 | 492531 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് ജില്ലാ പഞ്ചായത്ത് | | 0 | 3600000 | 3600000 | 3465800 | (-)4876709 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് ബ്ലോക്ക് പഞ്ചായത്ത് | | 500000 | 5145000 | 5645000 | 10521709 | |
| ബി ഫണ്ട് | | | 295080 | 295080 | 295080 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 5448337 | 25492594 | 30940931 | 30480736 | 460195 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 19736693 | 50359188 | 70095881 | 36402998 | 33692883 |
| | ട്രഷറി അക്കൗണ്ട് | 16081 | 0 | 16081 | 0 | 16081 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 227 | 141007290 | 160 | 74986562 | 67 | 70 % |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 25917 | 1061908 | 1087825 | 595294 | 492531 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 16660196 | 16660196 | 16660196 | 0 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 55080 | 102 |
| കർഷകതൊഴിലാളി പെൻഷൻ | 14812200 | 1382 |
| വിധവാപെൻഷൻ | 16863100 | 1547 |
| വാർദ്ധക്യകാലപെൻഷൻ | 30562800 | 2799 |
| വികലാംഗപെൻഷൻ | 5054600 | 494 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.02.2019 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18173/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

തനത് വരവിനങ്ങളായ തൊഴിൽ നികുതി, വസ്തു നികുതി എന്നിവയുടെ ഡിമാന്റ് കൃത്യമല്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന നഷ്ടം തുടർന്നു വരികയാണ്. വസ്തു നികുതിയ്ക്കുള്ള സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റ പ്യൂരിഫിക്കേഷൻ 94.25% പൂർത്തിയായിട്ടുണ്ടെങ്കിലും നികുതി നിർണ്ണയത്തിൽ അപാകതകളുണ്ട്. ഡാറ്റ പ്യൂരിഫിക്കേഷൻ

നടത്തിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലും അപാകതകളുള്ളതായും നികുതി നഷ്ടം തുടർന്നുവരുന്നതായും ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. തൊഴിൽ നികുതിയുടെ ഡിമാന്റ് രജിസ്റ്ററിൽ തന്നെയാണ് സ്ഥാപനങ്ങളുടെ വിവരം രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥാപങ്ങളുടെ വാർഡ് തിരിച്ചുള്ള കണക്ക് ശേഖരിച്ച് പ്രത്യേകം രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. വാടക സംബന്ധിച്ച ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

കെട്ടിട നിർമ്മാണത്തിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പലതും തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട്. ഡി&ഒ ലൈസൻസ് നൽകുന്നത് കാര്യക്ഷമമാക്കുന്നതിനായി സ്ഥാപനങ്ങളുടെ കമ്പ്യൂട്ടറൈസ്ഡ് ഡാറ്റാബേസ് തയ്യാറാക്കേണ്ടതാണെന്ന സർക്കാർ നിർദ്ദേശം പാലിച്ചതായും കാണുന്നില്ല.ഡി&ഒ ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതിക്കനുസൃതമായി തുടർനടപടികൾ സ്വീകരിച്ചതായും കാണുന്നില്ല.

വാർഷിക കണക്കിൽ സംയുക്ത പ്രൊജക്ടുകൾ സംബന്ധിച്ച വരവ് ചെലവ് തുകകൾ രേഖപ്പെടുത്തിയതിൽ അപാകത ഉണ്ടായിട്ടുണ്ട്. മേൽനോട്ടച്ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥരും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും രേഖകളുടെ കൃത്യത ഉറപ്പാക്കേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ അതാത് സമയം ഉദ്യോഗസ്ഥൻമാർക്ക് നൽകുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

നെമ്മാറ ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. റവന്യൂ പിരിവ്, ഓഫീസ് മാനേജ്മെന്റ്, ആസ്തി സംരക്ഷണം എന്നിവ കാര്യക്ഷമമാക്കുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള വിവിധ മാന്വലുകളിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സ്ഥാപനത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.1.2019 | 12/18 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3-7-2002 to 19-7-2002 | 1997-98 to 2001-02 | 4-10-2002 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളെല്ലാം പരിഹരിക്കുവാൻ അവശേഷിക്കുന്നു

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി നിർണ്ണയത്തിലെ അപാകത- പഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടാക്കുന്നു.

എ) 100 ച.മീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ 100 ച.മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ളവ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ഈടാക്കുന്നു- നികുതി നഷ്ടം 3,29,537/- രൂപ

വസ്തു നികുതി നിർണ്ണയ രജിസ്റ്റർ(സഞ്ചയ സോഫ്റ്റ്‌വെയറിലെ ഫോറം-6), മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചപ്പോൾ, പഞ്ചായത്ത് പ്രദേശത്തെ വിവിധ വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളെ നികുതി നിർണ്ണയിച്ചിട്ടുള്ളത് അവയുടെ യഥാർത്ഥ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലലല്ല എന്ന് കണ്ടെത്തി. തെറ്റായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിശ്ചയിച്ചതുവഴി പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ വസ്തു നികുതി ഇനത്തിൽ വർഷംതോറും വൻതുക പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നു. സഞ്ചയ സോഫ്റ്റ് വെയറിലെ ഡാറ്റാ പ്യൂരിഫിക്കേഷൻ 15.02.2019 ന് 95 ശതമാനം പൂർത്തീകരിച്ചിട്ടും വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ലാത്തത് കെട്ടിടങ്ങളുടെ വിവരങ്ങൾ കൃത്യമായി പരിശോധിക്കാതെയാണ് ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്ത് പ്രദേശത്തെ എല്ലാ കെട്ടിടങ്ങളുടെയും ഫോറം-6 പരിശോധിക്കേണ്ടതും ഡാറ്റാ പ്യൂരിഫിക്കേഷൻ കൃത്യമായി പൂർത്തീകരിക്കേണ്ടതുമാണ്. ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചതും വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകതകൾ മൂലം വസ്തു നികുതി ഇനത്തൽ നഷ്ടം സംഭവിച്ചിട്ടുള്ളതുമായ ചില കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- നെന്മാറ ഗ്രാമ പഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള വസ്തു നികുതി നിരക്ക്

| ഉപയോഗ ക്രമം | നിരക്ക് (ഒരു ച.മീറ്ററിന്) |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 30 രൂപ. |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 50 രൂപ. |

- നെന്മാറ ഗ്രാമ പഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള സേവന ഉപനികുതി നിരക്ക്

| സേവന ഉപനികുതി | ശതമാനം (%) |
|---|---|
| ശുചിത്വ പരിപാലനം | 4% |
| തെരുവ് വിളക്കുകൾ | 4% |
| ജലവിതരണം | 4% |
| ഡ്രൈനേജ് | 3% |
| ആകെ | 15% |

യഥാർത്ഥ ഉപയോഗ ക്രമത്തിനുള്ള വസ്തുനികുതി പ്രകാരം പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ വർഷം തോറും ഉണ്ടായിക്കൊണ്ടിരിക്കുന്ന വരുമാന ചോർച്ച പ്രസ്തുത കെട്ടിടത്തിന്റെ ഫോറം 6 – ലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ അടിസ്ഥാനമാക്കി കണക്കാക്കിയിട്ടുള്ളത് താഴെ ചേർക്കുന്നു.

1) കെട്ടിട നമ്പർ, ഉടമസ്ഥന്റെ പേര് - 8/530- റെസ്റ്റോറന്റ്, ബിനോയ് ജോസഫ്, ഡയറക്ടർ, വി.എം.ജി.ആർ. ഹോട്ടൽ റിസോർട്ട് പ്രൈവറ്റ് ലിമിറ്റഡ് . നികുതി പ്രാബല്യത്തിൽ വന്ന തിയതി- 2015 ഒന്നാം അർദ്ധവർഷം, ഒടുവിൽ നികുതി നിർണ്ണയിക്കപ്പെട്ടശേഷം ഘടനാപരമായ മാറ്റം വരുത്തിയിട്ടുണ്ട് - ഘടനാപരമായ മാറ്റം.

| | |
|---|---|
| ആകെ തറ വിസ്തീർണ്ണം | 736.5 ച.മീ |
| നിശ്ചയിക്കാവുന്ന അടിസ്ഥാന വസ്തുനികുതി (736.5x50) | 36825 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള ഇളവ് (കാലപ്പഴക്കം- 10%) | 3682.5 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള വർദ്ധനവ് (വഴി സൗകര്യം- 20%+ | 12888.75 രൂപ |

| | |
|---|---|
| തറ നിർമ്മിതി- 15%) | |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി | 46031.25 രൂപ |
| നിശ്ചയിക്കാവുന്ന ലൈബ്രറി സെസ്സ് | 2302 രൂപ |
| നിശ്ചയിക്കാവുന്ന സേവന ഉപനികുതി(15%) | 6905 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി എന്നിവ ഉൾപ്പടെ | 55239 രൂപ |
| ഈടാക്കിവരുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി എന്നിവ ഉൾപ്പടെ (27619+1381+4143) | 33143 രൂപ |
| 2017-18 വർഷത്തെ നികുതി നഷ്ടം | 55239-33143<br>= 22096 രൂപ |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം മുതലുള്ള ആകെ നഷ്ടം (2015-16, മുതൽ 2017-18 വരെ) | 66288 രൂപ |

2) കെട്ടിട നമ്പർ, ഉടമസ്ഥന്റെ പേര് - 16/1005- ഷോപ്പുകൾ, രവിചന്ദ്രൻ.വി, സരസ്വതി ഇല്ലം, മെയിൻ റോഡ്, വല്ലങ്ങി. നികുതി പ്രാബല്യത്തിൽ വന്ന തിയതി- 2013 ഒന്നാം അർദ്ധവർഷം, ഒടുവിൽ നികുതി നിർണ്ണയിക്കപ്പെട്ടശേഷം ഘടനാപരമായ മാറ്റം വരുത്തിയിട്ടില്ല.

| | |
|---|---|
| ആകെ തറ വിസ്തീർണ്ണം | 340 ച.മീ |
| നിശ്ചയിക്കാവുന്ന അടിസ്ഥാന വസ്തുനികുതി<br>(340x50) | 17000 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള ഇളവ് (ഇല്ല) | - |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള വർദ്ധനവ്(35%)<br>(വഴി സൗകര്യം- 20%+ തറ നിർമ്മിതി- 15%) | 5950 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി | 22950 രൂപ |
| നിശ്ചയിക്കാവുന്ന ലൈബ്രറി സെസ്സ് | 1147.5 രൂപ |
| നിശ്ചയിക്കാവുന്ന സേവന ഉപനികുതി(15%) | 3442.5 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി എന്നിവ ഉൾപ്പടെ | 27540 രൂപ |
| ഈടാക്കിവരുന്ന വാർഷിക വസ്തുനികുതി | 16525 രൂപ |

| | |
|---|---|
| ലൈബ്രറി സെസ്സ് സേവന ഉപനികുതി എന്നിവ ഉൾപ്പടെ (13770+688.5+2065.5) | |
| ആകെ നികുതി നഷ്ടം ( 2017-18) | 27540-16525 = 11015 രൂപ |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം മുതലുള്ള ആകെ നഷ്ടം (2013-14, മുതൽ 2017-18 വരെ) | 55075 രൂപ |

3) കെട്ടിട നമ്പർ, ഉടമസ്ഥന്റെ പേര് - 4/606- ഷോപ്പുകൾ, പാർവ്വതി, രാമ നിവാസ്, നിയർ നെല്ലിക്കുറുശ്ശി. നികുതി പ്രാബല്യത്തിൽ വന്ന തിയതി- 2013 ഒന്നാം അർദ്ധവർഷം, ഒടുവിൽ നികുതി നിർണ്ണയിക്കപ്പെട്ടശേഷം ഘടനാപരമായ മാറ്റം വരുത്തിയിട്ടില്ല.

| | |
|---|---|
| ആകെ തറ വിസ്തീർണ്ണം | 247.5 ച.മീ |
| നിശ്ചയിക്കാവുന്ന അടിസ്ഥാന വസ്തുനികുതി (247.5x50) | 12375 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള ഇളവ് (ഇല്ല) | - |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള വർദ്ധനവ് (വഴി സൗകര്യം- 20%) | 2475 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി | 14850 രൂപ |
| നിശ്ചയിക്കാവുന്ന ലൈബ്രറി സെസ്സ് | 743 രൂപ |
| നിശ്ചയിക്കാവുന്ന സേവന ഉപനികുതി(15%) | 2228 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി എന്നിവ ഉൾപ്പടെ | 17821 രൂപ |
| ഈടാക്കിവരുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി എന്നിവ ഉൾപ്പടെ (8910+446+1337) | 10693 രൂപ |
| ആകെ നികുതി നഷ്ടം ( 2017-18) | 17821-10693 =7128 രൂപ. |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം മുതലുള്ള ആകെ നഷ്ടം (2013-14, മുതൽ 2017-18 വരെ) | 35640 രൂപ |

4) കെട്ടിട നമ്പർ, ഉടമസ്ഥന്റെ പേര് - 4/522- ഗോഡൗൺ, പ്രമോദ്, ഉഷസ്സ്, ചുണ്ടിയംകുളം, നികുതി പ്രാബല്യത്തിൽ വന്ന തിയതി- 2013 ഒന്നാം അർദ്ധവർഷം, ഒടുവിൽ നികുതി നിർണ്ണയിക്കപ്പെട്ടശേഷം ഘടനാപരമായ മാറ്റം വരുത്തിയിട്ടില്ല.

| | |
|---|---|
| ആകെ തറ വിസ്തീർണ്ണം | 281.6 ച.മീ |
| നിശ്ചയിക്കാവുന്ന അടിസ്ഥാന വസ്തുനികുതി (281.6x50) | 14080 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള ഇളവ് (30%)<br>(മേൽക്കൂര- 10%+ കാലപ്പഴക്കം-20%) | 4224 |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള വർദ്ധനവ് (വഴി സൗകര്യം- 20%) | 2816 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി | 12672 രൂപ |
| നിശ്ചയിക്കാവുന്ന ലൈബ്രറി സെസ്സ് | 634രൂപ |
| നിശ്ചയിക്കാവുന്ന സേവന ഉപനികുതി(15%) | 1901 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി എന്നിവ ഉൾപ്പടെ | 15207 രൂപ |
| ഈടാക്കിവരുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി എന്നിവ ഉൾപ്പടെ (7604+381+1141) | 9126 രൂപ |
| ആകെ നികുതി നഷ്ടം ( 2017-18) | 15207-9126<br>= 6081 രൂപ. |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം മുതലുള്ള ആകെ നഷ്ടം (2013-14, മുതൽ 2017-18 വരെ) | 30405 രൂപ |

5) കെട്ടിട നമ്പർ, ഉടമസ്ഥന്റെ പേര് - 16/1008- ഷോപ്പുകൾ, രവിചന്ദ്രൻ.വി, സരസ്വതി ഇല്ലം, മെയിൻ റോഡ്, വല്ലങ്ങി, നികുതി പ്രാബല്യത്തിൽ വന്ന തിയതി- 2013 ഒന്നാം അർദ്ധവർഷം, ഒടുവിൽ നികുതി നിർണ്ണയിക്കപ്പെട്ടശേഷം ഘടനാപരമായ മാറ്റം വരുത്തിയിട്ടില്ല.

| | |
|---|---|
| ആകെ തറ വിസ്തീർണ്ണം | 187 ച.മീ |
| നിശ്ചയിക്കാവുന്ന അടിസ്ഥാന വസ്തുനികുതി (187x50) | 9350 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള ഇളവ് (ഇല്ല) | - |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള വർദ്ധനവ് (വഴി സൗകര്യം- 20%) | 1870 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി | 11220 രൂപ |
| നിശ്ചയിക്കാവുന്ന ലൈബ്രറി സെസ്സ് | 561 രൂപ |
| നിശ്ചയിക്കാവുന്ന സേവന ഉപനികുതി(15%) | 1683 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി | 13464 രൂപ |

| | |
|---|---|
| എന്നിവ ഉൾപ്പടെ | |
| ഈടാക്കിവരുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി എന്നിവ ഉൾപ്പടെ (6732+337+1010) | 8079 രൂപ |
| ആകെ നികുതി നഷ്ടം ( 2017-18) | 13464-8079<br>=5385 രൂപ. |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം മുതലുള്ള ആകെ നഷ്ടം (2013-14, മുതൽ 2017-18 വരെ) | 26925 രൂപ |

6) കെട്ടിട നമ്പർ, ഉടമസ്ഥന്റെ പേര് - 18/331/എ- ഗോഡൗൺ, പാറു, ആലംപാറ തോട്ടം, നെന്മാറ. നികുതി പ്രാബല്യത്തിൽ വന്ന തിയതി- 2015 ഒന്നാം അർദ്ധവർഷം, ഒടുവിൽ നികുതി നിർണ്ണയിക്കപ്പെട്ടശേഷം ഘടനാപരമായ മാറ്റം വരുത്തിയിട്ടില്ല.

| | |
|---|---|
| ആകെ തറ വിസ്തീർണ്ണം | 224 ച.മീ |
| നിശ്ചയിക്കാവുന്ന അടിസ്ഥാന വസ്തുനികുതി (224x50) | 11200 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള ഇളവ് (മേഘല- 10%) | 1120 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള വർദ്ധനവ് (ഇല്ല) | - |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി | 10080 രൂപ |
| നിശ്ചയിക്കാവുന്ന ലൈബ്രറി സെസ്സ് | 504 രൂപ |
| നിശ്ചയിക്കാവുന്ന സേവന ഉപനികുതി(15%) | 1512 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി എന്നിവ ഉൾപ്പടെ | 12096 രൂപ |
| ഈടാക്കിവരുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി എന്നിവ ഉൾപ്പടെ (6048+303+908) | 7259 രൂപ |
| ആകെ നികുതി നഷ്ടം ( 2017-18) | 12096-7259<br>=4837 രൂപ. |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം മുതലുള്ള ആകെ നഷ്ടം (2015-16, മുതൽ | 14511 രൂപ |

| | |
|---|---|
| 2017-18 വരെ) | |

7) കെട്ടിട നമ്പർ, ഉടമസ്ഥന്റെ പേര് - 2/431- ഷോപ്പുകൾ, എ.എൻ. മോഹൻദാസ്, നെന്മാറ. നികുതി പ്രാബല്യത്തിൽ വന്ന തിയതി- 2013 ഒന്നാം അർദ്ധവർഷം, ഒടുവിൽ നികുതി നിർണ്ണയിക്കപ്പെട്ടശേഷം ഘടനാപരമായ മാറ്റം വരുത്തിയിട്ടില്ല.

| | |
|---|---|
| ആകെ തറ വിസ്തീർണ്ണം | 190 ച.മീ |
| നിശ്ചയിക്കാവുന്ന അടിസ്ഥാന വസ്തുനികുതി (190x50) | 9500 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള ഇളവ് (കാലപ്പഴക്കം- 20%) | 1900 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള വർദ്ധനവ് (വഴി സൗകര്യം- 20%) | 1900 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി | 9500 രൂപ |
| നിശ്ചയിക്കാവുന്ന ലൈബ്രറി സെസ്സ് | 475 രൂപ |
| നിശ്ചയിക്കാവുന്ന സേവന ഉപനികുതി(15%) | 1425 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി എന്നിവ ഉൾപ്പടെ | 11400 രൂപ |
| ഈടാക്കിവരുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി എന്നിവ ഉൾപ്പടെ (5700+285+855) | 6840 രൂപ |
| ആകെ നികുതി നഷ്ടം ( 2017-18) | 11400-6840 =4560രൂപ. |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം മുതലുള്ള ആകെ നഷ്ടം (2013-14, മുതൽ 2017-18 വരെ) | 22800 രൂപ |

8) കെട്ടിട നമ്പർ, ഉടമസ്ഥന്റെ പേര് - 15/481- ഗോഡൗൺ, ഏലിയാമ്മ സ്റ്റാൻലി, അളുവശ്ശേരി. നികുതി പ്രാബല്യത്തിൽ വന്ന തിയതി- 2015 ഒന്നാം അർദ്ധവർഷം, ഒടുവിൽ നികുതി നിർണ്ണയിക്കപ്പെട്ടശേഷം ഘടനാപരമായ മാറ്റം(മേൽക്കൂരയിൽ മാറ്റം) വരുത്തിയിട്ടുണ്ട്.

| | |
|---|---|
| ആകെ തറ വിസ്തീർണ്ണം | 125 ച.മീ |
| നിശ്ചയിക്കാവുന്ന അടിസ്ഥാന വസ്തുനികുതി (125x50) | 6250 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള ഇളവ്(30%) (കാലപ്പഴക്കം- 20%+ മേൽക്കൂര- 10%) | 1875 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള വർദ്ധനവ് | 1250 രൂപ |

| | |
|---|---|
| (വഴി സൗകര്യം- 20%) | |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി | 6875 രൂപ |
| നിശ്ചയിക്കാവുന്ന ലൈബ്രറി സെസ്സ് | 343.75 രൂപ |
| നിശ്ചയിക്കാവുന്ന സേവന ഉപനികുതി(15%) | 1031.25 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി എന്നിവ ഉൾപ്പടെ | 8250 രൂപ |
| ഈടാക്കിവരുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി എന്നിവ ഉൾപ്പടെ (3375+169+507) | 4051 രൂപ |
| ആകെ നികുതി നഷ്ടം ( 2017-18) | 8250-4051 =4199രൂപ. |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം മുതലുള്ള ആകെ നഷ്ടം (2015-15, മുതൽ 2017-18 വരെ) | 12597 രൂപ |

9) കെട്ടിട നമ്പർ, ഉടമസ്ഥന്റെ പേര് - 16/978/എ- ഷോപ്പുകൾ, എം.ഡി. പീറ്റർ, മ്യാലിൽ, നെന്മാറ, നികുതി പ്രാബല്യത്തിൽ വന്ന തിയതി- 2015 ഒന്നാം അർദ്ധവർഷം, ഒടുവിൽ നികുതി നിർണ്ണയിക്കപ്പെട്ടശേഷം ഘടനാപരമായ മാറ്റം വരുത്തിയിട്ടില്ല.

| | |
|---|---|
| ആകെ തറ വിസ്തീർണ്ണം | 143 ച.മീ |
| നിശ്ചയിക്കാവുന്ന അടിസ്ഥാന വസ്തുനികുതി (143x50) | 7150രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള ഇളവ്(ഇല്ല) | - |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള വർദ്ധനവ് (വഴി സൗകര്യം- 20%) | 1430 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി | 8580 രൂപ |
| നിശ്ചയിക്കാവുന്ന ലൈബ്രറി സെസ്സ് | 429 രൂപ |
| നിശ്ചയിക്കാവുന്ന സേവന ഉപനികുതി(15%) | 1287 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി എന്നിവ ഉൾപ്പടെ | 10296 രൂപ |
| ഈടാക്കിവരുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി എന്നിവ ഉൾപ്പടെ (5148+258+773) | 6179 രൂപ |
| ആകെ നികുതി നഷ്ടം ( 2017-18) | 10296-6179 =4117 രൂപ. |

| | |
|---|---|
| നികുതി പ്രാബല്യത്തിൽ വന്ന വർഷം മുതലുള്ള ആകെ നഷ്ടം (2015-16, മുതൽ 2017-18 വരെ) | 12351 രൂപ |

10) കെട്ടിട നമ്പർ, ഉടമസ്ഥന്റെ പേര് - 14/693/എ- ഷോപ്പുകൾ, രുഗ്മണി, കളപ്പെട്ടി, ചാത്തമംഗലം, നെന്മാറ, നികുതി പ്രാബല്യത്തിൽ വന്ന തിയതി- 2015 ഒന്നാം അർദ്ധവർഷം, ഒടുവിൽ നികുതി നിർണ്ണയിക്കപ്പെട്ടശേഷം ഘടനാപരമായ മാറ്റം വരുത്തിയിട്ടില്ല.

| | |
|---|---|
| ആകെ തറ വിസ്തീർണ്ണം | 152.77 ച.മീ |
| നിശ്ചയിക്കാവുന്ന അടിസ്ഥാന വസ്തുനികുതി (152.77x50) | 7638.5രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള ഇളവ്(മേൽക്കൂര- 10%) | 763.85 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള വർദ്ധനവ് (വഴി സൗകര്യം- 20%) | 1527.7 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി | 8402.35 രൂപ |
| നിശ്ചയിക്കാവുന്ന ലൈബ്രറി സെസ്സ് | 420.1 രൂപ |
| നിശ്ചയിക്കാവുന്ന സേവന ഉപനികുതി(15%) | 1260.3 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി എന്നിവ ഉൾപ്പടെ | 10083 രൂപ |
| ഈടാക്കിവരുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി എന്നിവ ഉൾപ്പടെ (5042+253+757) | 6052 രൂപ |
| ആകെ നികുതി നഷ്ടം ( 2017-18) | 10083-6052 =4031 രൂപ. |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം മുതലുള്ള ആകെ നഷ്ടം (2015-16, മുതൽ 2017-18 വരെ) | 12093 രൂപ |

11) കെട്ടിട നമ്പർ, ഉടമസ്ഥന്റെ പേര് - 16/50- ഷോപ്പുകൾ, വർഗ്ഗീസ്, കറിവേലിൽ, നെന്മാറ, നികുതി പ്രാബല്യത്തിൽ വന്ന തിയതി- 2013 ഒന്നാം അർദ്ധവർഷം, ഒടുവിൽ നികുതി നിർണ്ണയിക്കപ്പെട്ടശേഷം ഘടനാപരമായ മാറ്റം വരുത്തിയിട്ടില്ല.

| | |
|---|---|
| ആകെ തറ വിസ്തീർണ്ണം | 112 ച.മീ |

| | |
|---|---|
| നിശ്ചയിക്കാവുന്ന അടിസ്ഥാന വസ്തുനികുതി (112x50) | 5600 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള ഇളവ്(കാലപ്പഴക്കം- 10%) | 560 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള വർദ്ധനവ് (30%) (വഴി സൗകര്യം- 20%+ എയർ കണ്ടിഷനിംഗ്- 10%) | 1680 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി | 6720 രൂപ |
| നിശ്ചയിക്കാവുന്ന ലൈബ്രറി സെസ്സ് | 336 രൂപ |
| നിശ്ചയിക്കാവുന്ന സേവന ഉപനികുതി(15%) | 1008 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി എന്നിവ ഉൾപ്പടെ | 8064 രൂപ |
| ഈടാക്കിവരുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി എന്നിവ ഉൾപ്പടെ (4032+202+605) | 4839 രൂപ |
| ആകെ നികുതി നഷ്ടം ( 2017-18) | 8064-4839<br>=3225രൂപ. |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം മുതലുള്ള ആകെ നഷ്ടം (2013-14, മുതൽ 2017-18 വരെ) | 16125 രൂപ |

12) കെട്ടിട നമ്പർ, ഉടമസ്ഥന്റെ പേര് - 8/338/എ- ഷോപ്പുകൾ, സരിത, കാവുങ്കൽ വീട്, നെടുങ്ങോട്, നികുതി പ്രാബല്യത്തിൽ വന്ന തിയതി- 2015 ഒന്നാം അർദ്ധവർഷം, ഒടുവിൽ നികുതി നിർണ്ണയിക്കപ്പെട്ടശേഷം ഘടനാപരമായ മാറ്റം വരുത്തിയിട്ടില്ല.

| | |
|---|---|
| ആകെ തറ വിസ്തീർണ്ണം | 105 ച.മീ |
| നിശ്ചയിക്കാവുന്ന അടിസ്ഥാന വസ്തുനികുതി (105x50) | 5250 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള ഇളവ്(ഇല്ല) | - |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള വർദ്ധനവ് (വഴി സൗകര്യം- 20%) | 1050 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി | 6300 രൂപ |
| നിശ്ചയിക്കാവുന്ന ലൈബ്രറി സെസ്സ് | 315 രൂപ |
| നിശ്ചയിക്കാവുന്ന സേവന ഉപനികുതി(15%) | 1575 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി എന്നിവ ഉൾപ്പടെ | 8190 രൂപ |
| ഈടാക്കിവരുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി | 4536 രൂപ |

| | |
|---|---|
| എന്നിവ ഉൾപ്പടെ (3780+189+567) | |
| ആകെ നികുതി നഷ്ടം ( 2017-18) | 8190-4536 =3654രൂപ. |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം മുതലുള്ള ആകെ നഷ്ടം (2015-16, മുതൽ 2017-18 വരെ) | 10962 രൂപ |

13) കെട്ടിട നമ്പർ, ഉടമസ്ഥന്റെ പേര് - 20/232- ഷോപ്പുകൾ, നാരായണൻ, വാസുദേവൻ, രാമചന്ദ്രൻ, ശിവശങ്കരൻ, നെന്മാറ, നികുതി പ്രാബല്യത്തിൽ വന്ന തിയതി- 2013 ഒന്നാം അർദ്ധവർഷം, ഒടുവിൽ നികുതി നിർണ്ണയിക്കപ്പെട്ടശേഷം ഘടനാപരമായ മാറ്റം വരുത്തിയിട്ടില്ല.

| | |
|---|---|
| ആകെ തറ വിസ്തീർണ്ണം | 104.32ച.മീ |
| നിശ്ചയിക്കാവുന്ന അടിസ്ഥാന വസ്തുനികുതി (104.32x50) | 5216 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള ഇളവ്(കാലപ്പഴക്കം- 10%) | 521.6 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള വർദ്ധനവ് (വഴി സൗകര്യം- 20%) | 1043.2 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി | 5737.6രൂപ |
| നിശ്ചയിക്കാവുന്ന ലൈബ്രറി സെസ്സ് | 286.85രൂപ |
| നിശ്ചയിക്കാവുന്ന സേവന ഉപനികുതി(15%) | 860.55രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി എന്നിവ ഉൾപ്പടെ | 6886 രൂപ |
| ഈടാക്കിവരുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി എന്നിവ ഉൾപ്പടെ (3443+173+517) | 4133 രൂപ |
| ആകെ നികുതി നഷ്ടം ( 2017-18) | 6886-4133 =2753രൂപ. |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം മുതലുള്ള ആകെ നഷ്ടം (2013-14, മുതൽ 2017-18 വരെ) | 13765 രൂപ |

ഉപയോഗക്രം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതുവഴി കെട്ടിടങ്ങളുടെ നികുതി പ്രാബല്യത്തിൽ വന്ന വർഷം മുതൽ ആകെ 3,29,537/- രൂപയുടെ നികുതി നഷ്ടം ഉണ്ടായിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം മാത്രം 83,061/- രൂപയുടെ നികുതി നഷ്ടം ഉണ്ടായിട്ടുണ്ട്. ആകെ നഷ്ടത്തുകയായ 3,29,537/- രൂപ കെട്ടിട ഉടമകളിൽ നിന്ന് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വസ്തു നികുതി

നിർണ്ണയത്തിലെ അപാകതകൾ പരിശോധിച്ച് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിക്കേണ്ടതും അപാകതകൾ പരിഹരിച്ച് സഞ്ചയ സോഫ്റ്റ് വെയറില പുതുക്കിയ ഫോറം-6 ഓഡിറ്റിന് സമർപ്പിക്കേണ്ടതുമാണ് (ഓഡിറ്റ് അന്വേഷണം നം.15/19.02.2019).

<u>ബി) അവിറ്റിസ് ഹോസ്പിറ്റൽ - എയർകണ്ടീഷനിംഗ് സൗകര്യത്തിന് ആനുപാതികമായി വർദ്ധനവ് വരുത്താതെ നികുതി നിർണയം നടത്തിയതിനാൽ വസ്തുനികുതി നഷ്ടം</u>

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള അവിറ്റിസ് ഹോസ്പിറ്റൽ 20-2-2019 ന് ഓഡിറ്റ് ടീം പ്രാദേശിക പരിശോധന നടത്തിയതിൽ ശ്രീ. പ്രശാന്ത് മങ്ങാട്ട്, പ്രമോദ് മങ്ങാട്ട്, എ.കെ.നഗർ, നെന്മാറ എന്ന വ്യക്തികളുടെ ഉടമസ്ഥതയിൽ 20/900, 20/901, 20/902, 20/903 എന്നീ കെട്ടിട നമ്പറുകളിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ സെൻട്രലൈസ്ഡ് എയർകണ്ടീഷനിംഗ് സംവിധാനം നിലവിലുള്ളതായി ബോധ്യപ്പെട്ടു. എന്നാൽ സഞ്ചയയിൽ നിന്നുള്ള പ്രസ്തുത കെട്ടിടത്തിന്റെ വസ്തു നികുതി നിർണയ വിവരങ്ങൾ (ഫോറം 6) പരിശോധിച്ചപ്പോൾ സെൻട്രലൈസ്ഡ് എയർകണ്ടീഷനിംഗ് സംവിധാനത്തിന് ആനുപാതികമായി വർദ്ധനവ് വരുത്താതെയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.

സഞ്ചയയിലെ റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ ആകെ 14938 കെട്ടിടങ്ങളിൽ ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയായ 14079 കെട്ടിടങ്ങളിൽ മേൽ പറഞ്ഞ കെട്ടിടങ്ങളും ഉൾപ്പെടുന്നുണ്ട്. 18-09-2018 -ാം തിയ്യതിയിലാണ് പ്രസ്തുത കെട്ടിടം ഡാറ്റാ പ്യൂരിഫിക്കേഷൻ പ്രകാരം ഡിജിറ്റലി സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. ഡാറ്റാപ്യൂരിഫിക്കേഷൻ വേളയിലും അപാകതകൾ പരിശോധനനാവിധേയമാക്കാതെ അംഗീകരിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. നിലവിൽ നിർണയിച്ചിട്ടുള്ളതും യഥാർത്ഥത്തിൽ നിർണയിക്കേണ്ടതുമായ വസ്തുനികുതിയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1) കെട്ടിട നമ്പർ- 20/900, നികുതി പ്രാബല്യത്തിൽ വന്ന വർഷം-2017 ഒന്നാം ആർദ്ധ വർഷം. തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലും എയർ കണ്ടിഷനിംഗ് അടിസ്ഥാനത്തിലും വസ്തു

നികുതിയിൽ വർദ്ധനവ് വരുത്തിയിട്ടില്ല. യഥാർത്ഥത്തിൽ നിശ്ചയിക്കാവുന്ന നികുതി വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ തറ വിസ്തീർണ്ണം | 239.81ച.മീ |
| നിശ്ചയിക്കാവുന്ന അടിസ്ഥാന വസ്തുനികുതി (239.81x3) | 719.43 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള ഇളവ് (ഇല്ല) | - |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള വർദ്ധനവ് (വഴി സൗകര്യം- 20%+ തറ നിർമ്മിതി- 15%+ എയർ കണ്ടിഷനിംഗ്-10%) | 323.74 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി | 1043.17രൂപ |
| നിശ്ചയിക്കാവുന്ന ലൈബ്രറി സെസ്സ് | 52.15 രൂപ |
| നിശ്ചയിക്കാവുന്ന സേവന ഉപനികുതി(15%) | 156.47 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി എന്നിവ ഉൾപ്പടെ | 1251.79 രൂപ |
| ഈടാക്കിവരുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി എന്നിവ ഉൾപ്പടെ (864+44+130) | 1038 രൂപ |
| 2017-18 വർഷത്തെ നികുതി നഷ്ടം | 1252-1038 = 214 രൂപ |

2) കെട്ടിട നമ്പർ- 20/901, നികുതി പ്രാബല്യത്തിൽ വന്ന വർഷം-2017 ഒന്നാം ആർദ്ധ വർഷം. എയർ കണ്ടിഷനിംഗ് അടിസ്ഥാനത്തിൽ വസ്തു നികുതിയിൽ വർദ്ധനവ് വരുത്തിയിട്ടില്ല. യഥാർത്ഥത്തിൽ നിശ്ചയിക്കാവുന്ന നികുതി വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ തറ വിസ്തീർണ്ണം | 1041.47ച.മീ |
| നിശ്ചയിക്കാവുന്ന അടിസ്ഥാന വസ്തുനികുതി (1041.47x3) | 3124.41 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള ഇളവ് (ഇല്ല) | - |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള വർദ്ധനവ് (വഴി സൗകര്യം- 20%+ തറ നിർമ്മിതി- 15%+ എയർ കണ്ടിഷനിംഗ്-10%) | 1405.98 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി | 4530.39രൂപ |
| നിശ്ചയിക്കാവുന്ന ലൈബ്രറി സെസ്സ് | 226.51 രൂപ |
| നിശ്ചയിക്കാവുന്ന സേവന ഉപനികുതി(15%) | 679.55 രൂപ |

| | |
|---|---|
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി എന്നിവ ഉൾപ്പടെ | 5436.45 രൂപ |
| ഈടാക്കിവരുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി എന്നിവ ഉൾപ്പടെ (4218+211+633) | 5062 രൂപ |
| 2017-18 വർഷത്തെ നികുതി നഷ്ടം | 5062-5437<br>= 375 രൂപ |

3) കെട്ടിട നമ്പർ- 20/902, നികുതി പ്രാബല്യത്തിൽ വന്ന വർഷം-2017 ഒന്നാം ആർദ്ധ വർഷം. എയർ കണ്ടിഷനിംഗ് അടിസ്ഥാനത്തിൽ വസ്തു നികുതിയിൽ വർദ്ധനവ് വരുത്തിയിട്ടില്ല. യഥാർത്ഥത്തിൽ നിശ്ചയിക്കാവുന്ന നികുതി വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ തറ വിസ്തീർണ്ണം | 616.82 ച.മീ |
| നിശ്ചയിക്കാവുന്ന അടിസ്ഥാന വസ്തുനികുതി<br>(616.82x3) | 1850.46 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള ഇളവ് (ഇല്ല) | - |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള വർദ്ധനവ് (വഴി സൗകര്യം- 20%+ തറ നിർമ്മിതി- 15%+ എയർ കണ്ടിഷനിംഗ്-10%) | 832.707 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി | 2683.17രൂപ |
| നിശ്ചയിക്കാവുന്ന ലൈബ്രറി സെസ്സ് | 134.15 രൂപ |
| നിശ്ചയിക്കാവുന്ന സേവന ഉപനികുതി(15%) | 402.47 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി എന്നിവ ഉൾപ്പടെ | 3219.79 രൂപ |
| ഈടാക്കിവരുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി എന്നിവ ഉൾപ്പടെ (2499+125+375) | 2999 രൂപ |
| 2017-18 വർഷത്തെ നികുതി നഷ്ടം | 3220-2999<br>= 221 രൂപ |

4) കെട്ടിട നമ്പർ- 20/903, നികുതി പ്രാബല്യത്തിൽ വന്ന വർഷം-2017 ഒന്നാം ആർദ്ധ വർഷം. എയർ കണ്ടിഷനിംഗ് അടിസ്ഥാനത്തിൽ വസ്തു നികുതിയിൽ വർദ്ധനവ് വരുത്തിയിട്ടില്ല. യഥാർത്ഥത്തിൽ നിശ്ചയിക്കാവുന്ന നികുതി വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ തറ വിസ്തീർണ്ണം | 739.72ച.മീ |
| നിശ്ചയിക്കാവുന്ന അടിസ്ഥാന വസ്തുനികുതി (739.72x3) | 2219.16 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള ഇളവ് (ഇല്ല) | - |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള വർദ്ധനവ് (വഴി സൗകര്യം- 20%+ തറ നിർമ്മിതി- 15%+ എയർ കണ്ടിഷനിംഗ്-10%) | 998 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി | 3217.78രൂപ |
| നിശ്ചയിക്കാവുന്ന ലൈബ്രറി സെസ്സ് | 160.89 രൂപ |
| നിശ്ചയിക്കാവുന്ന സേവന ഉപനികുതി(15%) | 482.67 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി എന്നിവ ഉൾപ്പടെ | 3861.34 രൂപ |
| ഈടാക്കിവരുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് സേവന ഉപനികുതി എന്നിവ ഉൾപ്പടെ (2996+150+450) | 3596 രൂപ |
| 2017-18 വർഷത്തെ നികുതി നഷ്ടം | 3596-3861 = 265 രൂപ |

വസ്തുനികുതിയിനത്തിൽ കുറവ് വന്ന ആകെ തുക1075 രൂപ കെട്ടിട ഉടമയിൽ നിന്ന് ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.30/21.02.2019-ന് വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ പരിശോധിച്ച് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിക്കേണ്ടതും അപാകതകൾ പരിഹരിച്ച് സഞ്ചയ സോഫ്റ്റ് വെയറിലെ പുതുക്കിയ ഫോറം-6-ൽ ഓഡിറ്റിന് സമർപ്പിക്കേണ്ടതുമാണ്.

## **2-2** മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക- ഭീമമായ തുക അവശേഷിക്കുന്നു.

ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന 8 മൊബൈൽ ടെലിഫോൺ ടവറുകളിൽ 5 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശികയായി അവശേഷിക്കുന്നു. വിശദാംശങ്ങൾ

ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമസ്ഥന്റെ പേര് | കുടിശ്ശിക ഏത് വർഷം മുതൽ | കുടിശ്ശിക തുക |
|---|---|---|---|---|
| 1 | 3/4 | ബി.എസ്.എൻ.എൽ ടവർ. | 2013-14 മുതൽ 2017-18 വരെ | 15360 |
| 2 | 7/149 | ബി.എസ്.എൻ.എൽ ടവർ. | 2013-14 മുതൽ 2017-18 വരെ | 25920 |
| 3 | 7/472 | എസ്സാർ ടെലികോം, കൊച്ചിൻ | 2016-17 മുതൽ 2017-18 വരെ | 11148 |
| 4 | 10/4 | മൊബൈൽ ടവർ, നെന്മാറ | 2013-14 മുതൽ 2017-18 വരെ | 21120 |
| 5 | 14/422 | ബി.എസ്.എൻ.എൽ ടവർ | 2013-14 മുതൽ 2017-18 വരെ | 15120 |
| ആകെ | | | | 88668 രൂപ. |

മൊബൈൽ ടെലിഫോൺ ടവറുകളുടെ കുടിശ്ശിക തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ, സർക്കുലർ നം. 40395/ആർ.സി2/2014/തസ്വഭവ തിയതി 19-10-2014 ലെ നിർദ്ദേശാനുസരണം അനധികൃത മൊബൈൽ ടവറുകളുടെ പ്രവർത്തനം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ മൊബൈൽ ടെലിഫോൺ ടവറുകളിൽ നിന്നും വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

വാർഷിക ധനകാര്യ പത്രിക പ്രകാരം 2017-18 വർഷത്തെ കുടിശ്ശികയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| 2017-18 വസ്തുനികുതി | | | |
|---|---|---|---|
| | ഡിമാന്റ് | വരവ് | കുടിശ്ശിക |
| റസിഡൻഷ്യൽ | 5179561 | 4126685 | 1052876 |
| നോൺ റസിഡൻഷ്യൽ | 5180048 | 4351101 | 828947 |
| ആകെ | 10359609 | 8477786 | 1881823 |

ആകെ 1881823/- രൂപ വസ്തു നികുതി കുടിശ്ശികയായി അവശേഷിക്കുന്നു. കുടിശ്ശിക ഈടാക്കുന്നതിന് ഭരണസമിതിയും ഉദ്യോഗസ്ഥരും കാര്യക്ഷമമായ നടപടികൾ സ്വീകരിച്ച് കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നതിൽ ഉണ്ടായിട്ടുള്ള വീഴ്ച പരിശോധിച്ച് നികുതിപിരിവ് 100 ശതമാനം കൈവരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

എ) തൊഴിൽ നികുതി അടവാക്കിയതിൽ കുറവ്

തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചപ്പോൾ ഈടാക്കിയ തൊഴിൽ നികുതിയിൽ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | സമർപ്പിച്ച റിട്ടേൺ പ്രകാരം അർദ്ധവർഷ വരുമാനം | അടവാക്കിയ തുക | യഥാർത്ഥത്തിൽ അടവാക്കേണ്ട തുക | കുറവ് |
|---|---|---|---|---|---|---|
| 1 | സുമ ബാലൻ, എസ്. ബി.ഐ നെന്മാറ ടൗൺ ബ്രാഞ്ച്. | II | 128340 | 1000 | 1250 | 250 |
| ആകെ | | | | | | 250 |

ബി) സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം | നികുതി തുക |
|---|---|---|---|
| 1 | എൻ.ടി.സി നിധി ലിമിറ്റഡ് | II | 1250 |
| 2 | ന്യൂ ഇന്ത്യ ഇൻഷ്വറൻസ് | I | 1250 |
| 3 | യൂണിയൻ ബാങ്ക് | I | 1250 |
| 4 | സപ്ലൈക്കോ ഡിപ്പോ | I | 1250 |
| 5 | ഐ.സി.ഐ.സി.ഐ ബാങ്ക് | I& II | 2500 |
| ആകെ | | | 7500 |

പ്രസ്തുത വ്യക്തിയിൽ/സ്ഥാപനങ്ങളിൽ നിന്നും കുറവ് വന്ന തുക അടവാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ക്രമ നം.5 ഐ.സി.ഐ.സി.ഐ ഒഴികെയുള്ള സ്ഥാപനങ്ങൾ അടവാക്കി അസ്സൽ രശീത് ഹാജരാക്കിയത് ഓഡിറ്റിന് ബോധ്യപ്പെട്ടു. ബാക്കി തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം.4/15.02.2019)

## 2-5 ഷോപ്പിങ് കോംപ്ലക്സ് നടത്തിപ്പ് -ബൈലോ തയ്യാറാക്കേണ്ടതാണ്.

നെന്മാറ ഗ്രാമപഞ്ചായത്തിൽ ആകെ 102 മുറികൾ വാടകയ്ക്ക് നല്കിയിട്ടുണ്ട്. വാടകയിനത്തിൽ 2017-18 ൽ ആകെ 2102250 വരവുണ്ട് . കുടിശ്ശികയുണ്ടായിരുന്ന 195616 രൂപ 2018-19 വർഷത്തിൽ പൂർണമായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ ഷോപ്പിങ് കോംപ്ലക്സിന്റെ നടത്തിപ്പ് സംബന്ധിച്ച് ബൈലോ തയ്യാറാക്കിയിട്ടില്ല. വാടകയ്ക്ക് നല്കുമ്പോൾ പാലിക്കേണ്ടതായ നിബന്ധനകളെല്ലാം ഉൾപ്പെടുത്തി ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.(എൻക്വയറി 22/20.2.19)

## 2-6 നിയമാനുസൃത ലൈസൻസ് ഫീസ് ഈടാക്കുന്നില്ല, ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

എ) നിയമാനുസൃത ലൈസൻസ് ഫീസ് ഈടാക്കുന്നില്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31/10/17- ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ

എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 232, 233, 234 വകുപ്പുകളും 254 വകുപ്പ് കൂട്ടി വായിച്ചതും 2017- ലെ കേരളാ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫസിലിറ്റേഷൻ ഓർഡിനൻസിലെ സെക്ഷൻ 10 പ്രകാരവും 1996- ലെ കേരളാ പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി. ചട്ടത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് പ്രസ്തുത ചട്ടത്തിന്റെ ബ്രാക്കറ്റിലുള്ള പേര് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്.

കൂടാതെ ചട്ടം 10-ലെ പട്ടിക- 2-ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവായതിനാൽ നിലവിലുണ്ടായിരുന്ന ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ള പട്ടിക 2 ഒഴിവാക്കി പുതിയ ഫീസ് നിരക്ക് സെക്രട്ടറി തയ്യാറാക്കുകയും ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയത് ചർച്ച ചെയ്ത് പ്രസ്തുത ചട്ട ഭേദഗതി ഉത്തരവ് പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ നെന്മാറ ഗ്രാമപഞ്ചായത്തിലെ ഡി ആന്റ് ഓ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചപ്പോൾ പഞ്ചായത്ത് പ്രദേശത്തെ വിവിധ വ്യാപാര വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി ഉത്തരവ് പ്രകാരം ഫീസ് പിരിക്കുന്നതിന് നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് കാണ്ടെത്തി. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്ന പരമാവധി തുക 4000 രൂപയിൽ നിന്നും 15000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത വിഷയത്തിൽ നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തത് പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ചട്ട ഭേദഗതി ഉത്തരവ് പ്രകാരം മൂലധന നിക്ഷേപത്തിന്റെ

അടിസ്ഥാനത്തിൽ പുതുക്കിയ നിരക്ക് തയ്യാറാക്കി ഭരണസമിതിയ്ക്ക് സമർപ്പിച്ച് ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണെന്നും ഉത്തരവ് പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ബി) സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയറിൽഡാറ്റാ പ്യൂരിഫിക്കേഷൻ 15.02.2019 തിയതിയിൽ 94.25 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 2636 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് കണ്ടെത്തി. എന്നാൽ 2017-18 വർഷത്തെ ഡി&ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പ്രകാരം 806 സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. 70 ശതമാനത്തിൽപ്പരം സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി വിലയിരുത്തുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ | 2209 |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൌണുകൾ | 87 |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ വരെ തറ വിസ്തീർണമുള്ള സൂപ്പർ മാർക്കറ്റ് / ഷോപ്പിങ്ങ് കോംപ്ലക്സുകൾ | 2 |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറ വിസ്തീർണമുള്ള സൂപ്പർ മാർക്കറ്റ്/ ഷോപ്പിങ്ങ് കോംപ്ലക്സുകൾ | 1 |
| വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 21 |
| ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ആവശ്യത്തിനുള്ള ഓഫീസ് കെട്ടിടം ഉൾപ്പടെ) | 108 |

| | |
|---|---|
| അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ ,ലോഡ്ജ്, സിനിമാ തിയേറ്റർ | 61 |
| വ്യവസായ ആവശ്യത്തിനുള്ള കൈത്തറിഷെഡ്/ കയർപിരി ഷെഡ് | 94 |
| ഇതര വ്യവസായങ്ങൾക്ക് ആവശ്യമുള്ളവ | 43 |
| മൊബൈൽ ടെലഫോൺ ടവർ | 8 |
| സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 1 |
| മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട്,2006(2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 1 |
| ആകെ | 2636 |

വാണിജ്യാവശ്യത്തിനായുള്ള നമ്പർ അനുവദിച്ചിട്ടുള്ള അനവധി കെട്ടിടങ്ങൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും ഒരേ ബിൽഡിംഗിൽ അടുത്തടുത്ത് വരുന്ന ഒന്നിലധികം കെട്ടിട നമ്പറുകളിൽ ലൈസൻസ് അനുവദിച്ച ഒരേ സ്ഥാപനം പ്രവർത്തിക്കുന്നുണ്ടെന്നും ലൈസൻസ് എടുക്കാത്ത വ്യാപാര സ്ഥാപനങ്ങൾ കണ്ടെത്തി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട് എന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ വ്യാപാര വ്യവസായ സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃത ലൈസൻസ് ഫീസ് ഈടാക്കി ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

<u>സി) റേഷൻ റീടെയിൽ ഷോപ്പുകൾ, അബ്കാരി ഷോപ്പുകൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.</u>

1996 ലെ കേരള പഞ്ചായത്ത് രാജ്(ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടം അനുസരിച്ച്, പട്ടിക 1 ൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങളും പഞ്ചായത്തിൽ നിന്നും ഡി&ഒ ലൈസൻസ് എടുക്കേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പട്ടിക 1 ൽ ഉൾപ്പെട്ട അബ്കാരി ഷോപ്പുകൾ(കള്ള് ഷാപ്പുകൾ

ഉൾപ്പെടെ), ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകൾ (പട്ടിക 1 ക്രമനം 149). എന്നിവയൊന്നും തന്നെ സാമ്പത്തിക വർഷത്തിൽ ലൈസൻസ് എടുത്തിട്ടില്ല എന്ന് കണ്ടെത്തി. ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | കെട്ടിട നമ്പർ | കെട്ടിട ഉടമ |
|---|---|---|
| 1 | 1/143 | ഷാജഹാൻ |
| 2 | 3/111 | അയ്യപ്പൻ |
| 3 | 3/ | സെക്രട്ടറി, നെന്മാറ ഗ്രാമ പഞ്ചായത്ത് |
| 4 | 7/89 | രവീന്ദ്രൻ |
| 5 | 9/432 | രാജഗോപാലൻ |
| 6 | 15/6 | ഗീത ജയപാലൻ |
| 7 | 17/92 | കൃഷ്ണകുമാർ |
| 8 | 18/93 | സക്കീർ ഹുസൈൻ |
| 9 | 19/252 | ഗോപാലൻ വെള്ളപ്പൻ |
| 10 | 20/ | കൃഷ്ണകുമാർ ശ്രീധരൻ |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻ കടകൾ, അബ്കാരി ഷോപ്പുകൾ, എന്നിവയക്ക് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം.9/15.02.2019).

## 2-7 സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി- ഭവനനിധി രൂപീകരിച്ചിട്ടില്ല

31.07.2017 ലെ സ.ഉ(എം.എസ്)നം.151/2017/തസ്വഭവ പ്രകാരം സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയുടെ (ലൈഫ് മിഷൻ) മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിരുന്നു. പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി

രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഏറ്റവും കുറഞ്ഞത് 10% ഭവനങ്ങളുടെ എങ്കിലും നിർമ്മാണത്തിനുള്ള തുക ഇത്തരത്തിൽ കണ്ടെത്താൻ ശ്രമിക്കേണ്ടതാണെന്നും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലും ഉള്ള തൊഴിലാളികൾ, ഉദ്യോഗസ്ഥർ, കച്ചവടക്കാർ, സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെ വേതനം/വരുമാനം ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് കഴിയണമെന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഭവനനിധിയുടെ വരവ് ചെലവ് കണക്കുകൾ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്. എന്നാൽ നെന്മാറ ഗ്രാമപഞ്ചായത്തിൽ മേൽ നിർദേശപ്രകാരമുള്ള ഭവനനിധി നാളിതുവരെ രൂപീകരിച്ചിട്ടില്ല എന്ന് കണ്ടെത്തി. ഭവനനിധി അക്കൗണ്ട് ആരംഭിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.28/21.02.2019).

## 2-8 <u>നെന്മാറ ഗ്രാമ പഞ്ചായത്തിലെ കെട്ടിട നിർമ്മാണങ്ങൾ- അനുമതി, ഫീസ്, നടപടിക്രമങ്ങൾ- അപാകതകൾ</u>

<u>എ) പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ഫ്ലോർ ഏരിയ അടിസ്ഥാനമാക്കുന്നതിനു പകരം പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കിയിരിക്കുന്നു.</u>

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ലെ ചട്ടം 11(3) പ്രകാരമുള്ള ഷെഡ്യൂൾ II ന് അനുസൃതമായി പെർമിറ്റിനുള്ള ഫീസ് നിരക്ക് ആകെ ഫ്ലോർ ഏരിയയുടെ അടിസ്ഥാനമാക്കിയാണ് നിശ്ചയിക്കേണ്ടത് (per sqare metre of floor area). ആകെ ഫ്ലോർ ഏരിയയോടൊപ്പം കാർഷെഡ്, ടൊയ്‌ലറ്റ്, വാച്ച് & വാർഡ് കാബിൻ മുതലായവയും ഫ്ലോർ ഏരിയയോടൊപ്പം പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ചേർക്കേണ്ടതാണ്. എന്നാൽ നെന്മാറ ഗ്രാമ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം സങ്കേതം സോഫ്റ്റ്‌വെയർ മുഖേനയും മാന്വലായും അനുവദിച്ച മുഴുവൻ കെട്ടിട നിർമ്മാണ പെർമിറ്റുകൾക്കും പെർമിറ്റ് ഫീസ്

നിശ്ചയിക്കുന്നതിന് അടിസ്ഥാനമാക്കിയിട്ടുള്ളത് പ്ലിന്ത് ഏരിയയാണ്. 2017-18 വർഷം കെട്ടിടനിർമ്മാണ ചട്ടത്തിന് വിരുദ്ധമായി പെർമിറ്റ് ഫീസ് ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ട പ്രകാരമുള്ള പെർമിറ്റ് ഫീസ് ഈടാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

ബി) ചട്ട പ്രകാരമല്ലാത്ത പെർമിറ്റ് ഫീസ് ഈടാക്കി കെട്ടിട നിർമ്മാണ അനുമതി നൽകുന്നു.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ലെ ചട്ടം 11(3) പ്രകാരമുള്ള ഷെഡ്യൂൾ II യിൽ കാറ്റഗറി I, കാറ്റഗറി II എന്നീ ഗ്രാമ പഞ്ചായത്തുകളിലെ കെട്ടിട നിർമ്മാണങ്ങൾക്കുള്ള പെർമിറ്റ് ഫീസ് നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ വില്ലേജ് II ഗ്രാമ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന നെന്മാറ ഗ്രാമ പഞ്ചായത്ത് വില്ലേജ് I ഗ്രാമ പഞ്ചായത്തുകൾക്കുള്ള അധിക നിരക്കിലാണ് ഫീസ് ഈടാക്കിയിരുന്നത്. 2017 ഓഗസ്റ്റ് മാസം മുതൽ സങ്കേതം സോഫ്റ്റ് വെയറിലൂടെയാണ് പെർമിറ്റ് സംബന്ധിച്ച നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നത് എന്നതിനാൽ നിലവിൽ ചട്ടപ്രകാരമുള്ള ഫീസ് ആണ് ഈടാക്കുന്നത്. സങ്കേതം സോഫ്റ്റ് വെയറിലൂടെ പെർമിറ്റ് ഫീസ് ഈടാക്കുന്നതുവരെ നെന്മാറ ഗ്രാമ പഞ്ചായത്തിലെ കെട്ടിട നിർമ്മാണങ്ങൾക്ക് വില്ലേജ് I ഗ്രാമ പഞ്ചായത്തുകൾക്കായി നിശ്ചയിച്ചിട്ടുള്ള പെർമിറ്റ് ഫീസ് ഈടാക്കിയത് നിയമ വിരുദ്ധമാണ്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സി) സങ്കേതം സോഫ്റ്റ് വെയർ- അതാതു കാലയളവിലെ ഉത്തരവുകൾക്കനുസൃതമായി സോഫ്റ്റ്‌വെയറുകൾ കാലികമാക്കിന്നില്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 തിയതിയിലെ ജി.ഒ(പി)നം.81/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 675/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ പെർമിറ്റ് ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടങ്ങളിലെ ചട്ടം 35 ലെ പട്ടിക 2 ൽ കാറ്റഗറി I, കാറ്റഗറി II വില്ലേജുകളിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി അനുവദിക്കാവുന്ന

തറവിസ്തീർണ്ണാനുപാതത്തിന്റെ (F.A.R) പരിധിയും അധികഫീസോടു കൂടി അനുവദിക്കാവുന്ന തറവിസ്തീർണ്ണാനുപാതത്തിന്റെ പരിധിയും ആയതിനാനുപാതികമായ നിരക്കുകളും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയതു പ്രകാരമാണ് വില്ലേജ് II കാറ്റഗറിയിൽ ഉൾപ്പെടുന്ന നെന്മാറ ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ് അനുവദിക്കുന്ന കെട്ടിടങ്ങളുടെ പരാമവധി തറവിസ്തീർണ്ണാനുപാതവും, അധിക തറവിസ്തീർണ്ണാനുപാതത്തിനുള്ള നിരക്കും നിശ്ചയിക്കേണ്ടത്.

2017 ഓഗസ്റ്റ് മാസം മുതൽ ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ സങ്കേതം സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായാണ് സ്വീകരിച്ച് വരുന്നത്. തുടർ നടപടികളും ഓൺലൈനായാണ് നടപ്പിലാക്കുന്നത്. 01.11.2017 മുതൽ 30.11.2017 വരെ സോഫ്റ്റ്‌വെയറിൽ നിന്നുള്ള പ്രിന്റ് ചെയ്ത അപേക്ഷകൾ പരിശോധിച്ചതിൽ അധിക ഫീസോടു കൂടി അനുവദിക്കാവുന്ന F.A.R ന് ആനുപാതികമായി ഈടാക്കേണ്ട നിരക്ക് അധിക തറവിസ്തീർണത്തിന് ചതുരശ്ര മീറ്ററിന് 500 രൂപ നിരക്കിൽ എന്ന രീതിയിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മേൽ പറഞ്ഞ ഭേദഗതി ചട്ടപ്രകാരം അധിക തറവിസ്തീർണത്തിന് ചതുരശ്ര മീറ്ററിന് 5000 രൂപ നിരക്കിലാണ് ഈടാക്കേണ്ടത്.

പ്രസ്തുത കാലയളവിൽ ലഭിച്ച അപേക്ഷകളിൽ അധിക F.A.R ആവശ്യമായിട്ടുള്ള കെട്ടിടങ്ങൾ ഇല്ല എന്നതിനാൽ നിലവിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടില്ല. എന്നാൽ ഭേദഗതി ചട്ടം നിലവിൽ വന്നതിനു ശേഷവും ആയതു പ്രകാരമുള്ള നിരക്കുകൾ കണക്കാക്കാതെ സോഫ്റ്റ്‌വെയറിലെ ഇ – ഫയലിംഗ് മുഖേന ലഭിക്കുന്ന അപേക്ഷകളിലെ രേഖപ്പെടുത്തലുകൾ പ്രകാരമാണ് കണക്കാക്കുന്നത് എങ്കിൽ അത്തരത്തിലുള്ള അപേക്ഷകൾ പരിഗണിക്കപ്പെടുമ്പോൾ F.A.R ന്റെ പരിധി തെറ്റായി നിശ്ചയിച്ച് നൽകുന്നതിനും അധിക F.A.R പെർമിറ്റ് ഫീസിനത്തിൽ വലിയ തോതിൽ വ്യത്യാസപ്പെടാനും ഇടയാക്കുന്നതാണ്. ആയതിനാൽ അതാതു കാലയളവിലെ ഉത്തരവുകൾക്കനുസൃതമായി സോഫ്റ്റ്‌വെയറുകൾ കാലികമാക്കുന്നതിന് ഐ.കെ.എമ്മിന് നിർദ്ദേശങ്ങൾ നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.7/15.02.2019).

## 2-9 ബജറ്റ് നടപടിക്രമം -ഓഡിറ്റ് നിരീക്ഷണം

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്,വകുപ്പ് 214ഉപവകുപ്പ്(1) പ്രകാരം സർക്കാർ അതതു സമങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175 ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15 ാം തീയതിക്ക് മുമ്പായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. വകുപ്പ് 214ഉപവകുപ്പ് 1(എ)(1) പ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളേയും ഈ ആക്ടിലെ എല്ലാ ആവശ്യങ്ങളേയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അതിൽ നിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബഡ്ജറ്റ് തയ്യാറാക്കേണ്ടതും അത് പ്രസ്തുത സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പായി പഞ്ചായത്ത് മുമ്പാകെ, അതിന്റെ ഒരു പ്രത്യേക യോഗത്തിൽ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന വികസന ക്ഷേമപ്രവർത്തനങ്ങൾ സംബന്ധിച്ച ആമുഖ പ്രഖ്യാപനത്തിനുശേഷം, പഞ്ചായത്തിന്റെ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്.

കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 214 അനുശാസിക്കുന്ന ബജറ്റ് തയ്യാറാക്കലും അനുമതി നൽകലും എന്ന ചട്ടപ്രകാരവും, കേരളത്തിലെ പഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാനുവലിലെ (ജി.ഒ (ആർ.ടി) നം. 3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരം) മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരവുമുള്ള നിർദേശങ്ങളും നെന്മാറ ഗ്രാമ പഞ്ചായത്തിന്റെ 2017-18 ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ പൂർണ്ണമായും പാലിച്ചിട്ടില്ല എന്ന് കാണ്ടെത്തി.

1. 2017-18 ബജറ്റ് നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട ഫയൽ കൃത്യമായി സൂക്ഷിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി വിവിധ നിർവഹണ ഉദ്യോഗസ്ഥരിൽ നിന്നും

റിവൈസ്ഡ് ബഡ്ജറ്റിനുള്ള നിർദ്ദേശങ്ങളും ബജറ്റ് വർഷത്തേക്കുള്ള നിർദ്ദേശങ്ങളും സെക്രട്ടറി ആവശ്യപ്പെട്ടിട്ടില്ല. ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി ഡിസംബർ 15 ന മുന്പ് വിവിധ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർത്തിട്ടില്ല.

2. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ജനവരി 22 ന മുമ്പ് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം വിളിച്ചു ചേർത്തിട്ടില്ല. സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനമെടുത്തതായി കാണുന്നില്ല.
3. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച പദ്ധതിയേതര നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് ചെയർമാൻമാർ ഫെബ്രുവരി ഒന്നിന് മുമ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല.
4. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ, ഡി.പി.സി. അംഗീകരിച്ച വാർഷിക പദ്ധതിരേഖ അല്ലെങ്കിൽ ഗ്രാമപഞ്ചായത്തിന്റെ തീരുമാനമനുസരിച്ചുള്ള ഉപ മേഖലാതല വകയിരുത്തൽ എന്നിവ ക്രോഡീകരിച്ച് മാർച്ച് ഒന്നിന് മുമ്പ് കരട് ബജറ്റ് തയ്യാറാക്കിയതായി കാണുന്നില്ല.
5. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമ പഞ്ചാത്തിന്റെ ഒരു പ്രത്യേക യോഗം മാർച്ച് ഏഴിന് മുമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിളിച്ച് ചേർത്തിട്ടില്ല.

നെന്മാറ ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ചെയർമാൻമാർ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ നിർദ്ദേശങ്ങൾ, എസ്റ്റിമേറ്റുകൾ എന്നിവ സമർപ്പിച്ചിട്ടില്ലാത്തതിനാലും, നിശ്ചിത സമയക്രമത്തിൻ പ്രകാരം സമർപ്പിച്ചിട്ടില്ലാത്തതിനാലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് രൂപീകരിച്ചിട്ടുള്ളത് നിർദ്ദേശങ്ങൾ, എസ്റ്റിമേറ്റുകൾ എന്നിവയുടെ അഭാവത്തിലാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

കേരളാ പഞ്ചായത്ത് രാജ് ആക്ടിലെയും, ബജറ്റ് മാന്വലിലെയും നിർദ്ദേശങ്ങൾ, സമയക്രമം എന്നിവ ബഡ്ജറ്റ് രൂപീകരണത്തിൽ പാലിക്കേണ്ടതാണ്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കാത്തത് വാർഷിക ബജറ്റിൽ തുക വകയിരുത്താതെ പോകുന്നതിനും യഥാർത്ഥത്തിൽ ആവശ്യമായ തുക ചെലവഴിക്കുവാൻ സാധിക്കാതെ പോകുന്നതിനും ഇടയാക്കും എന്നത് ഭരണസമിതിയുടെ പ്രതേക ശ്രദ്ധയിൽപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി/വിശദീകരണം ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.5/15.02.2019).

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബാരലിന്റെ വില കുറവ് ചെയ്യാതെ മുഴുവൻ തുകയും അനുവദിച്ചു

ബിറ്റുമിൻ ഉപയോഗിച്ചുകൊണ്ടുള്ള റോഡു പ്രവൃത്തിയിൽ പാക്ക്ഡ് ബിറ്റുമിൻ നിരക്കാണ് ഡാറ്റയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ തുക അനുവദിക്കുമ്പോൾ കാലി ബാരലിന്റെ വില കുറവ് ചെയ്യേണ്ടതുണ്ട്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ തുകയിൽ നിന്നും ബാരലിന്റെ തുക കുറവ് ചെയ്യാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പദ്ധതി | ബിറ്റുമിൻ പ്രവൃത്തി | പ്രവൃത്തി അളവ് | ബിറ്റുമിൻ അളവ്<br>kg | ബാരൽ എണ്ണം | ബിൽ നം. തുക |
|---|---|---|---|---|---|---|
| 1 | മാട്ടുപുര പുത്തൻകുളം റോഡ്<br>pro.<br>കരാറുകാരൻ- രാമകൃഷ്ണൻ.എം | Tack coat<br>75mm penitration mecadam<br>20mm carpet surfacing<br>seal coat | 848.97m2x0.225 kg<br>236.22m2x2kg<br>848.97m2x1.46kg<br>848.97m2x0.65kg | 191.02<br>RS1<br>472.44<br>S-65<br>1239.49<br>S-65 | 1.05<br>3.03<br>7.95<br>3.54 | 3/17-18 /27.7.2017<br>amt-270009 |

| | | | | | | |
|---|---|---|---|---|---|---|
| | | | | 551.83<br>S-65 | | |
| | | | ആകെ ബാരൽ | | 15.57 | 15.57x250<br>=3893 രൂപ+18% GST |
| 2 | എലന്തക്കുളം റോഡ് ടാറിങ്<br>pro. 128/17<br>കരാറുകാരൻ-<br>രാമകൃഷ്ണൻ.എം | Tack coat<br>20mm carpet surfacing<br>seal coat | 1380.08m2x 0.275kg<br>1380.08m2x 1.46kg<br>1380.08m2x 0.65kg | 379.52<br>RS-1<br>2014.92<br>S-65<br>897.05<br>S-65 | 2.09<br>12.92<br>5.75 | 4/17-18 /27.7.2017<br>amt.385533 |
| | | | ആകെ ബാരൽ | | 20.76 | 20.76x250=<br>5190രൂപ<br>+18% GST |
| 3 | ആരക്കുളമ്പ് റോഡ്<br>pro.113/17<br>കരാറുകാരൻ-<br>വിജയരാഘവൻ | Tack coat<br>20mm carpet surfacing<br>seal coat | 739.8m2x 0.275kg<br>739.8m2x 1.46kg<br>739.8m2x 0.65kg | 203.45<br>RS-1<br>1080.11<br>S-65<br>480.87<br>S-65 | 1.12<br>6.92<br>3.08 | 5/17-18 /27.7.2017<br>amt. 399520 |
| | | | ആകെ ബാരൽ | | 11.12 | 11.12x250=<br>2780രൂപ<br>+18% GST |
| 4 | ബോയൻ കോളനി റോഡ് ടാറിങ്<br>pro.140/17 | Priming coat<br>Tack coat | 429.96m2x 0.85kg<br>429.96m2x 0.275kg | 362.92<br>SS-1<br>117.41 | 2<br>0.65<br>4 | 7/17-18 /11.8.2017<br>amt. |

| | | | | | | |
|---|---|---|---|---|---|---|
| | കരാറുകാരൻ-<br>മോഹനൻ.കെ | 20mm carpet surfacing<br>seal coat | 429.96m2x 1.46kg<br>429.96m2x 0.65kg | RS-1<br>623.36<br>S-65<br>277.52<br>S-65 | 1.78 | 249625 |
| | | | ആകെ ബാരൽ | | 8.43 | 8.43x250=<br>2108രൂപ<br>+18% GST |
| 5 | അയിനാമ്പാടം കനാൽ ബണ്ട് റോഡ് റീ ടാറിങ്<br>pro.70/17<br>കരാറുകാരൻ-<br>കേശവൻ.വി | Tack coat<br>20mm carpet surfacing<br>seal coat | 613.51m2x 0.275kg<br>613.51m2x 1.46kg<br>613.51m2x 0.65kg | 168.71<br>RS-1<br>895.71<br>S-65<br>398.78<br>S-65 | 0.93<br>5.74<br>2.56 | 29/17-18 /30.12.2017<br>amt. 200000 |
| | | | ആകെ ബാരൽ | | 9.23 | 9.23x250=<br>2308രൂപ<br>+18% GST |
| 6 | പടിഞ്ഞാത്തറ MLA റോഡ് റീ ടാറിങ്<br>pro.97/17<br>കരാറുകാരൻ-<br>രാധാകൃഷ്ണൻ | Tack coat<br>75mm penitration mecadam<br>20mm carpet surfacing<br>seal coat | 977.22m2x0.275 kg<br>222.57m2x2kg<br>1005.72m2x1.46kg<br>977.22m2x0.65kg | 268.74<br>RS1<br>445.14<br>S-65<br>1468.35<br>S-65<br>635.19<br>S-65 | 1.48<br>2.85<br>9.41<br>4.07 | 28/17-18 /30.12.2017<br>amt. 300000 |
| | | | ആകെ ബാരൽ | | 17.81 | 17.81x250=<br>4453 രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | +18% GST |

ഈ ഇനത്തിൽ ഈടാക്കേണ്ട 20732/-രൂപയും 12% GST തുകയായ 2488/- രൂപയും ചേർത്ത് ആകെ 23220/- രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി 20732/- രൂപ പഞ്ചായത്തു ഫണ്ടിലും 12% GST തുകയായ 2488/- രൂപ കേന്ദ്ര- സംസ്ഥാന സർക്കാറുകളിലേക്കും ഒടുക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/20.2.2019) തുക ഈടാക്കി പഞ്ചായത്തിൽ ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-2 പ്രവൃത്തിയുടെ കരാർ ചമയ്ക്കാൻ വൈകിയതിന് നിയമാനുസൃതമായ പിഴ ഈടാക്കിയില്ല

പ്രവൃത്തിയുടെ കരാർ ചമയ്ക്കാൻ വൈകിയതിന് നിയമാനുസൃതമായ പിഴ ഈടാക്കിയില്ല

1.2.2012 ലെ സ.ഉ (പി)13/2012/പിഡബ്ള്യൂഡി പൊതുമരാമത്തു മാന്വൽ, സെക്ഷൻ 2009.6 അനുസരിച്ച് കരാറുകാരന്റെ ടെൻഡർ സ്വീകരിച്ചിട്ടുള്ളപക്ഷം 7 ദിവസത്തിനുള്ളിൽ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകണം. അറിയിപ്പ് അയച്ച തീയ്യതി സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കാം. ഈ തീയതിക്കുശേഷം 14 ദിവസിത്തിനുള്ളിൽ കരാർ വെക്കാത്തപ്പക്ഷം 1 ശതമാനം പിഴ ചുമത്തിക്കൊണ്ട് 10 ദിവസം കൂടി സമയം ദീർഘിപ്പിച്ചു നൽകാം. എന്നാൽ താഴെ പറയുന്ന വിവിധ പ്രവൃത്തികൾക്ക് നിയമാനുസൃതമായ സമയപരിധിക്കുള്ളിൽ കരാർ വെക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

1.പ്രവൃത്തിയുടെ പേര് : പേഴും പാറ റോഡ് മെറ്റലിങ് & ടാറിങ്

പ്രൊജക്ട് നം. : 59/ 17

പി.എ.സി : 300000

ചെലവ് : 297144

ബിൽ നം. : 36/17-18/28.1.2018

കരാറുകാരന്റെ പേര് : ദേവദാസൻ. വി

'ടെന്റർ അംഗീകരിച്ച തീയതി : 29.12.2016 ( RES. 1/29.12.2016)

എഗ്രിമെന്റ് വെക്കേണ്ട തീയതി :19 .1.2017

എഗ്രിമെന്റ് വെച്ച തീയതി : 25.2.2017 ( 42a/AE/ 16-17)

ഈടാക്കേണ്ട പിഴ : 3000രൂപ

ഈടാക്കിയ പിഴ : 0

ബാക്കി : 3000 രൂപ

2.പ്രവൃത്തിയുടെ പേര് :കൽമുക്ക് റോഡ് മെറ്റലിങ് & ടാറിങ്

പ്രൊജക്റ്റ് നം. : 100/17

അടങ്കൽ : 300000

ചെലവ് : 297144

ബിൽ നം. : 39/17-18/ 25. 01. 2018

കരാറുകാരന്റെ പേര് : മാത്യു.എം.കെ

'ടെന്റർ അംഗീകരിച്ച തീയതി : 29.12.2016 ( RES. 1/29.12.2016)

എഗ്രിമെന്റ് വെക്കേണ്ട തീയതി : 19 .1.2017

എഗ്രിമെന്റ് വെച്ച തീയതി : 25.2.2017 ( 22a/AE/ 16-17)

ഈടാക്കേണ്ട പിഴ : 3000രൂപ

ഈടാക്കിയ പിഴ : 0

ബാക്കി : 3000 രൂപ

3.പ്രവൃത്തിയുടെ പേര് : പുളിമ്പറമ്പ് റോഡ്

പ്രൊജക്ട് നം. : 57/17

അടങ്കൽ : 270000

ചെലവ് : 266192

ബിൽ നം. : 23/17-18/ 22. 12. 2017

കരാറുകാരന്റെ പേര് : തങ്കപ്പൻ.

'ടെന്റർ അംഗീകരിച്ച തീയതി : 29.12.2016 ( RES. 1/29.12.2016)

എഗ്രിമെന്റ് വെക്കേണ്ട തീയതി : 19 .1.2017

എഗ്രിമെന്റ് വെച്ച തീയതി : 25.1.2017

ഈടാക്കേണ്ട പിഴ : 2700രൂപ

ഈടാക്കിയ പിഴ : 0

ബാക്കി : 2700 രൂപ

4.പ്രവൃത്തിയുടെ പേര് : പടിഞ്ഞാത്തറ MLA റോഡ് റീടാറിങ്

പ്രൊജക്ട് നം. : 97/17

അടങ്കൽ : 300000

ചെലവ് : 297331

ബിൽ നം. : 28/17-18/ 30. 12. 2017

കരാറുകാരന്റെ പേര് : എം.രാധാകൃഷ്ണൻ

'ടെന്റർ അംഗീകരിച്ച തീയതി : 29.12.2016 ( RES. 1/29.12.2016)

എഗ്രിമെന്റ് വെക്കേണ്ട തീയതി : 19 .1.2017

എഗ്രിമെന്റ് വെച്ച തീയതി : 25.1.2017 ( 30/AE/ 16-17)

ഈടാക്കേണ്ട പിഴ : 3000രൂപ

ഈടാക്കിയ പിഴ : 0

ബാക്കി : 3000 രൂപ

ഈ ഇനത്തിൽ ഈടാക്കേണ്ട 11700 രൂപ (3000+3000+2700+3000) ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/2019/20.2.2019) തുക ഈടാക്കി പഞ്ചായത്തിൽ ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-3 മരാമത്ത് പ്രവൃത്തിയുടെ പൂർത്തീകരണകാലാവധി ദീർഘിപ്പിച്ചതിനുള്ള പിഴ കുറവായി ഈടാക്കിയത് ക്രമപ്രകാരമല്ല

മരാമത്ത് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. കരാറുകാരന്റെ പിഴവുമൂലം കാലാവധി ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കിമാത്രമേ ആയത് അനുവദിക്കാവൂ. ഇപ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന് ആദ്യ തവണ പി.എ.സി.യുടെ 1 ശതമാനവും അതിനുശേഷം പി.എ.സി യുടെ 2 ശതമാനവും ഈടാക്കേണ്ടതാണെന്ന് 1.2.2012 ലെ സ.ഉ (പി)13/2012/പിഡബ്ള്യൂഡി പൊതുമരാമത്ത് മാനുവൽ, സെക്ഷൻ 2112-1 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണസമയം ദീർഘിപ്പിച്ചുനൽകിയെങ്കിലും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

1.പ്രവൃത്തിയുടെ പേര് : വടക്കാവ് ശ്മശാനം റോഡ്

പ്രൊജക്റ്റ് നം. : 166/17

പി.എ.സി : 300000

ചെലവ് : 295478

ബിൽ നം. : 42/17-18/25.01.2018

എം.ബുക്ക് നം. : 40/AE/NMA

എഗ്രിമെന്റ് നം. : 9.1.2017 (7/AE/16-17/NMA)

കരാറുകാരന്റെ പേര് : രാമചന്ദ്രൻ.കെ

പൂർത്തിയാക്കേണ്ട തീയതി : 9.7.2017

പൂർത്തിയാക്കിയ തീയതി : 10.1.2018

ഈടാക്കേണ്ട പിഴ :

10.7.2017 മുതൽ 9.10.2017 വരെ : 3000 രൂപ

10.10.2017 മുതൽ 9.1.2018 വരെ : 6000 രൂപ

ആകെ : 9000 രൂപ

ഈടാക്കിയ പിഴ : 0 രൂപ

ഈടാക്കാൻ ബാക്കി : 9000 രൂപ

2.പ്രവൃത്തിയുടെ പേര് : കുരിയല്ലൂർ റോഡ് മെറ്റലിങ് & ടാറിങ്

പ്രൊജക്ട് നം. : 117/17-18

പി.എ.സി : 398000

ചെലവ് : 396430

ബിൽ നം. :67/17-18 Dt.

എം.ബുക്ക് നം. : 67/AE/NMA

എഗ്രിമെന്റ് നം. : 48/AE/NMA Dt. 25.2.2017

കരാറുകാരന്റെ പേര് : ഗോപാലകൃഷ്ണൻ

പൂർത്തിയാക്കേണ്ട തീയതി :24.8.2017

പൂർത്തിയാക്കിയ തീയതി : 20.2.2018

ഈടാക്കേണ്ട പിഴ :

25.8.2017 മുതൽ 24.11.2017 വരെ : 3980 രൂപ

25.11.2017 മുതൽ 19.2.2018 വരെ : 7960 രൂപ

ആകെ : 11940 രൂപ

ഈടാക്കിയ പിഴ : 0രൂപ

ഈടാക്കാൻ ബാക്കി : 11940 രൂപ

ഈ ഇനത്തിൽ ഈടാക്കേണ്ട 20940 രൂപ (9000+11940 ) ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/20.2.2019) തുക ഈടാക്കി പഞ്ചായത്തിൽ ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## **3-4** ടെൻഡർ വ്യതിയാനം കുറവ് ചെയ്തില്ല. കരാറുകാരന് കൂടുതൽ തുക അനുവദിച്ചു

പ്രവൃത്തിയുടെ പേര് : കുരിയല്ലൂർ റോഡ് മെറ്റലിങ് & ടാറിങ്

പ്രൊജക്റ്റ് നം. : 117/17-18

പി.എ.സി : 398000 (0.5% കുറവ്)

ചെലവ് : 396430

ബിൽ നം. :67/17-18 Dt.27-2-18

എം.ബുക്ക് നം. : 67/AE/NMA

കരാറുകാരൻ : ഗോപാലകൃഷ്ണൻ

അനുവദിക്കാവുന്ന തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രവൃത്തി മൂല്യം : 400000

കുറയ്ക്കുക

ടെൻ്റർ വ്യതിയാനം : 2000 (0.5% കുറവ് )

ബാരൽ വില(15x138): 3570

ആദായ നികുതി : 3980

ക്ഷേമനിധി : 3980

ആകെ :13530

അനുവദിക്കാവുന്ന തുക : 386470

അനുവദിച്ച തുക : 388502

അധികം നൽകിയത് : 2032

ഈ ഇനത്തിൽ ഈടാക്കേണ്ട 2032/-രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി പഞ്ചായത്തു ഫണ്ടിൽ ഒടുക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/2019/20.2.2019) തുക ഈടാക്കി പഞ്ചായത്തിൽ ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-5 കെട്ടിടം നവീകരണത്തിൽ പൊളിച്ച മാറ്റിയ മര ഉരുപ്പടികൾ പഞ്ചായത്തിൽ ഏല്പിച്ചിട്ടില്ല

പ്രവർത്തി - പഴയ മൃഗാശുപത്രിക്ക് അറ്റകുറ്റപണി (87/17-18)

അടങ്കൽ - 300000(M.G(NR))

ചെലവ് - 244300

ബിൽ നം -93/28.3.18

കരാറുകാരൻ - ശ്രീ.വി.മോഹൻദാസ്

എം.ബി നം. - 93/AE/NMA

മേൽ പ്രവൃത്തിക്കുവേണ്ടി ഇനം നം.1 പ്രകാരം ഓടിട്ട മേൽക്കൂര പൊളിച്ചുമാറ്റുന്ന പ്രവൃത്തി 149.36 m2 അളവിൽ ചെയ്തത് 134.8 m2 ൽ ലിമിറ്റ് ചെയ്ത് 86.73 രൂപ/ m2 നിരക്കിൽ 11691.20 രൂപ അനുവദിച്ചിട്ടുണ്ട്. ഇനം 2 പ്രകാരം ജനലുകളും വാതിലുകളും കൂടി 8 എണ്ണം നീക്കം ചെയ്തതിന് 177 രൂപ/1 നിരക്കിൽ 1416 രൂപയും അനുവദിച്ചിട്ടുണ്ട്.

ഇനം 3 പ്രകാരം 11.912 m3 അളവിൽ ചൂളകല്ലുകൊണ്ടുള്ള ചുമർ പൊളിച്ചുമാറ്റി ഉപയോഗിക്കാൻ കഴിയുന്നവ സ്റ്റോക്കിലെടുക്കുകയും മറ്റുള്ളവ നീക്കം ചെയ്യുന്നതിനുമായി 947രൂപ/m3 നിരക്ക് പ്രകാരം 11280.66 രൂപയും അനുവദിച്ചിട്ടുണ്ട്.

എന്നാൽ മേൽ ഉരുപ്പടികൾ പഞ്ചായത്തിൽ ഏല്പിക്കുകയോ ലേലം ചെയ്ത് ഒഴിവാക്കുകയോ ചെയ്തിട്ടില്ല. ഈ ഇനത്തിൽ ഈടാക്കേണ്ട തുക നിജപ്പെടുത്തി ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി പഞ്ചായത്തു ഫണ്ടിൽ ഒടുക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/2019/20.2.2019) തുക ഈടാക്കി പഞ്ചായത്തിൽ ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്

## 3-6 ടെന്റർ ഫോറത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾക്കുവേണ്ടിയുള്ള ടെന്റർ ഫോറങ്ങൾ പഞ്ചായത്തിൽ നിന്നും അസി.എഞ്ചിനീയർക്ക് വിതരണം ചെയ്തിട്ടുണ്ടെങ്കിലും അവയുടെ സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ടെന്റർ ഫോറങ്ങളുടെ സ്റ്റോക്ക് രേഖപ്പെടുത്താൻ

അസി.എഞ്ചിനീയറുടെ ഓഫീസിലും രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

അസി.എഞ്ചിനീയർ സൂക്ഷിക്കുന്ന രശീതി പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ 186 ടെന്റർ ഫോറങ്ങൾ വിവിധ കരാറുകാർക്ക് വിതരണം ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. നിർവ്വഹിക്കപ്പെടുന്ന പ്രവൃത്തിയുടെ അടങ്കലിനനുസരിച്ച് ഒരു ടെന്റർ ഫോറത്തിന് മിനിമം 300/-രൂപ വിലയുണ്ടെന്നിരിക്കെ ഇവയുടെ സ്റ്റോക്ക് കൃത്യമായി രേഖപ്പെടുത്തിവെക്കാത്തത് ഗുരുതരമായ വീഴ്ചയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/20.2.2019) ലഭ്യമാക്കിയ മറുപടിയിൽ ടെന്റർ ഫോറം സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കിവെക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## **3-7** റോഡ് പ്രവർത്തികൾ - കരാറുകാരനിൽ നിന്നും ടാർ ബാരലിന്റെ വിലയുടെ ജി.എസ്.ടി. ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ ബിറ്റുമിൻ ഉപയോഗിച്ചിട്ടുള്ള ഭൂരിഭാഗം റോഡ് പ്രവർത്തികളുടെയും ഫൈനൽ ബില്ലിൽ നിന്നും ടാർ ബാരലിന്റെ വില കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ ബാരലിന്റെ വിലയോടൊപ്പം 18 % ജി.എസ്.ടി ഈടാക്കി സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/2019/20.2.2019) മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## **3-8** നെൽകൃഷിക്ക് ഉഴവ് കൂലി നൽകൽ– പദ്ധതി ഫണ്ട് അധികം ചെലവഴിച്ചു

പ്രൊജക്ട്-നെൽകൃഷിക്ക് ഉഴവ് കൂലി നൽകൽ (19/18)

| | പ്ലാൻഫണ്ട് | തനത് ഫണ്ട് | ബ്ലോക്ക് വിഹിതം | ജില്ലാ വിഹിതം |
|---|---|---|---|---|
| അടങ്കൽ | 5700000 | 21860 | 2450000 | 3500000 |
| ചെലവ് | 5721860 | 0 | 2356060 | 3365800 |

പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതമായി 57 ലക്ഷം രൂപയാണ് വകയിരുത്തിയത്.

എന്നാൽ പദ്ധതി ഫണ്ടിൽ നിന്നും 22 ബില്ലുകളിലായി ആകെ 5721860 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി ഫണ്ടിൽ നിന്നും വകയിരുത്തിയതിനെക്കാൾ 21860 രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തനത് ഫണ്ടിൽ നിന്നും വകയിരുത്തിയ തുക ചെലവഴിച്ചിട്ടുമില്ല.

പദ്ധതി ഫയലിലെ രേഖപ്പെടുത്തലുകൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതം വകയിരുത്തിയതും ചെലവഴിച്ചതും 673.16 ഹെക്ടർ സ്ഥലത്തിനാണ്. എന്നാൽ 700 ഹെക്ടർ കൃഷിസ്ഥലത്തിന് ആനുപാതികമായ വിഹിതമാണ് ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയിൽ നിന്നും ആവശ്യപ്പെട്ടത്. വിഹിതം പൂർണമായി ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. അതിനാൽ 93940 രൂപയുടെ ബ്ലോക്ക് വിഹിതവും 134200 രൂപയുടെ ജില്ലാ പഞ്ചായത്ത് വിഹിതവും ചെലവഴിക്കാതെ തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം ആനുപാതികമായി വകയിരുത്താതിരുന്നതിനാൽ പദ്ധതി ഫണ്ട് ചെലവഴിക്കാനാവാതെ ലാപ്സാകുവാനിടയായി.

ഓഡിറ്റ് എൻക്വയറി 3/15-2-2018 ന് മറുപടിയായി 59 ലക്ഷം രൂപയാണ് പദ്ധതി ഫണ്ടിൽ വകയിരുത്തിയത് എന്ന ധാരണയിലാണ് തുക പദ്ധതിഫണ്ടിൽ നിന്നും ചെലവഴിച്ചത് എന്ന് അറിയിച്ചിട്ടുണ്ട്.

പദ്ധതി ഫണ്ടിൽ നിന്നും അധികം ചെലവഴിച്ച 21860 രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് സർക്കാരിലേക്ക് തിരിച്ചടച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അധിക ചെലവ് ക്രമീകരിക്കുന്നതുവരെ 21860 രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 ബാങ്ക് അക്കൗണ്ടിൽ നീക്കിയിരുപ്പുള്ള 201425 രൂപ തിരിച്ചടക്കണം

പദ്ധതി നിർവഹണത്തിന്റെ ഭാഗമായുള്ള ഇടപാടുകൾ നിർവഹണഉദ്യോഗസ്ഥർ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് അക്കൗണ്ടുകൾ മുഖേനയാണ് നടത്തേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ കൃഷി ഓഫീസർ 2013 ൽ ആരംഭിച്ച യൂണിയൻ ബാങ്കിലെ 235524650 നമ്പർ അക്കൗണ്ടാണ് പദ്ധതി ഇടപാടുകൾക്കായി ഉപയോഗിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനവിനിയോഗം സംബന്ധിച്ച ജി.ഒ.(പി) നം.119/2015/ധന.തീയ്യതി 21.03.2015പ്രകാരമുള്ള

ഉത്തരവിലെ ഖണ്ഡിക 8.3 ൽ ഓരോ മാസവും വിതരണം ചെയ്യാനാകാതെ 30 ദിവസത്തിലധികമായി സൂക്ഷിച്ചിരിക്കുന്ന ക്യാഷ് /ഡി.ഡി തുകകൾ ട്രഷറി ചെലാൻ മുഖാന്തിരം തിരിച്ചടയ്ക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മുൻവർഷങ്ങളിലെ പദ്ധതികൾക്കായി ലഭിച്ചതും ചെലവഴിക്കാനാകാതെ അവശേഷിക്കുന്നതുമായ തുകകളും പലിശയും ചേർന്ന് ആകെ 201425 /-രൂപ കൃഷി ഓഫീസറുടെ ബാങ്ക് അക്കൗണ്ടിൽ 3-1-2019 ന് നീക്കിയിരുപ്പുണ്ട്. പദ്ധതി ഫണ്ട് സമയബന്ധിതമായി വിതരണം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്ക്(3/15-2-18) മറുപടിയായി തുക തിരിച്ചടക്കാനുള്ള നടപടി സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് ഒടുക്കി അക്കൗണ്ടിൽ ക്ലോസ് ചെയ്ത് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുന്നതിലെ അപാകതകൾ

കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തുകയും പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്തൃവിഹിതം കൃഷി ഓഫീസർ TR -5 Receipt മുഖേന പിരിച്ചെടുക്കുകയും വിത്ത് വിതരണം ചെയ്ത കെ.എസ്.എസ്.ഡി.എ യുടെ അക്കൗണ്ടിലേക്ക് നേരിട്ട് ഒടുക്കുകയുമാണ് ചെയ്തിട്ടുള്ളത്.

പദ്ധതി മാർഗരേഖ പ്രകാരം ഗുണഭോക്തൃവിഹിതം മുൻകൂറായി പിരിച്ചെടുത്ത് തനത് ഫണ്ടിൽ ഒടുക്കുകയും റിക്വസിഷന്റെ അടിസ്ഥാനത്തിൽ ചെലവ് തുക അനുവദിക്കുകയുമാണ് ചെയ്യേണ്ടത്. പദ്ധതികളുടെ ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്തിന്റെ രസീതി മുഖേന (Form No. XXXIII) പിരിച്ച് ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നതിന് പകരം കൃഷി വകുപ്പിന്റെ രസീതി മുഖേന പിരിച്ച് നേരിട്ട് നൽകിയത് ക്രമപ്രകാരമല്ല. ഇപ്രകാരം ചെയ്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതികളുടെ ഗുണഭോക്തൃവിഹിതം പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകളിൽ പ്രതിഫലിച്ചിട്ടില്ല. കൂടാതെ ചെലവ് പത്രികകളിലും പദ്ധതികളുടെ യഥാർത്ഥ ചെലവ് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

'സമഗ്രനെൽകൃഷിവികസനം- സബ്സിഡി നിരക്കിൽ നെൽവിത്ത് വിതരണം (237/18)' എന്ന പദ്ധതിയുടെ ഗുണഭോക്തൃവിഹിതമായി 284400 രൂപ TR 5 ( നമ്പർ - 02833 & 02834) മുഖേന പിരിച്ചെടുത്ത് 17.5.2017&2.6.17 തിയതികളിൽ KSSDA യുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃവിഹിതം ചെലവഴിച്ചിട്ടില്ല എന്നാണ് സുലേഖ-ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

ഓഡിറ്റ് എൻക്വയറിക്ക് (3/15.2.19) മറുപടിയായി ഭാവിയിൽ ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾക്കായി ഗുണഭോക്തൃവിഹിതം പഞ്ചായത്തിന്റെ രസീതി ഉപയോഗിച്ച് പിരിച്ചെടുത്ത് ഗ്രാമപഞ്ചായത്തിൽ ഒടുക്കുവാനും റിക്വസിഷന്റെ അടിസ്ഥാനത്തിൽ തുക ബന്ധപ്പെട്ട സ്ഥാപനത്തിന് നൽകുവാനും ശ്രദ്ധിക്കേണ്ടതാണ്.

## **3-11** കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

പ്രൊജക്ട് - കന്നുകുട്ടി പരിപാലന പദ്ധതി -

പ്രൊജക്ട് നം. - 123/18

അടങ്കൽ - പ്ലാൻ - 300000

സംസ്ഥാനവിഹിതം - 300000

ഗുണഭോക്തൃവിഹിതം - 600000

ആകെ - 1200000

ചെലവ് - ബിൽ നമ്പർ 1/17-18- 11.2.18 – 300000(Plan)

നിർവഹണം - വെറ്റിനറി സർജൻ

പദ്ധതി പ്രകാരം 48 ഗുണഭോക്താക്കൾക്ക് 6250 രൂപ നിരക്കിൽ പദ്ധതി ഫണ്ട് വകയിരുത്തുകയും തുക അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ്, പാലക്കാടിന് കൈമാറുകയും ചെയ്തിട്ടുണ്ട്. 4-6 മാസം പ്രായമുള്ള കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനാണ് പദ്ധതി തുക നൽകിയിട്ടുള്ളത്. പദ്ധതി പ്രകാരം 12500 രൂപ തീരുന്നതുവരെയോ അല്ലെങ്കിൽ 28 മാസം തികയുന്നതുവരെയോ കാലിത്തീറ്റ വിതരണം ചെയ്യേണ്ടതാണ്. പദ്ധതി

പൂർത്തീകരിച്ച ശേഷം വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും തുക ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതുമാണ്.

## 3-12 ഗാർഹിക കുടിവെള്ള പദ്ധതി-സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധിക സബ്സിഡി നല്കി

2017-18 വർഷത്തിൽ താഴെ സൂചിപ്പിക്കുന്ന രണ്ട് ഗാർഹിക കുടിവെള്ള പദ്ധതികളുടെ (സ്പിൽ ഓവർ) നടത്തിപ്പിന്റെ ഭാഗമായി പദ്ധതി പണം പിൻവലിച്ച് കേരള വാട്ടർ അതോറിറ്റി ,പാലക്കാട് കാര്യാലയത്തിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നല്കിയിട്ടുണ്ട് (A/c No.67147990082) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

നിർവ്വഹണം-സെക്രട്ടറി

| ക്രമ നംമ്പർ | പ്രോജക്ട് നമ്പരും പേരും | അടങ്കൽ | ബിൽ നമ്പരും തുകയും | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | 215/18-കുടിവെള്ള ഹൗസ് കണക്ഷൻ നല്കൽ-എസ്.സി.പി-സ്പിൽ ഓവർ | 600000/- | 41/17-18 തിയ്യതി 16.2.18 600000 | കേരള വാട്ടർ അതോറിറ്റി,പാലക്കാട്. |
| 2 | 214/18-കുടിവെള്ള ഹൗസ് കണക്ഷൻ നല്കൽ-ജനറൽ-സ്പിൽ ഓവർ | 600000/- | 40/17-18 തിയ്യതി 16.2.18 600000 | കേരള വാട്ടർ അതോറിറ്റി,പാലക്കാട്. |
| ആകെ | | 1200000/- | | |

പദ്ധതി പ്രകാരം 85 ജനറൽ ഗുണഭോക്താക്കളും 85 എസ്.സി. ഗുണഭോക്താക്കളും ഉൾപ്പെടെ ആകെ 170 ഗുണഭോക്താക്കൾക്കായി 1200000/- രൂപയാണ് KWA, PALAKKAD ൽ നിക്ഷേപിച്ചിട്ടുള്ളത്. പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) നം.4/16

ത.സ്വ.ഭ.വ. തിയ്യതി 11.1.16 ഖണ്ഡിക 3.5-കുടിവെള്ളം-ഗാർഹിക കണക്ഷൻ നൽകൽ പ്രകാരം പൊതുവിഭാഗം കുടുംബത്തിന് നല്കാവുന്ന പരമാവധി സബ്സിഡി നിരക്ക് 4000/-രൂപയും പട്ടിക ജാതി/പട്ടിക വർഗ്ഗ കുടുംബത്തിനുള്ളത് 6000/-രൂപയുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഒരു കുടുംബത്തിന് 7059/-രൂപ (7058.8) നിരക്കിലാണ് തുക നല്കിയിരിക്കുന്നത്. തൻമൂലം ഗ്രാമപഞ്ചായത്തിന്റെ പദ്ധതിഫണ്ടിൽ നിന്നും 350000/- രൂപ അധിക സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ പട്ടികപ്പെടുത്തുന്നു.

| ക്രമ നം. | വിഭാഗം | നല്കാവുന്ന സബ്സിഡി | നല്കിയ സബ്സിഡി | അധികം |
|---|---|---|---|---|
| 1 | എസ്.സി | 6000*85=510000 | 600000 | 90000 |
| 2 | ജനറൽ | 4000*85=340000 | 600000 | 260000 |
| ആകെ | | | | 350000 |

മറ്റ് അപാകങ്ങൾ

1.എഗ്രിമെന്റ് ചമച്ചിട്ടില്ല.

തുകകൾ മുൻകൂറായി നിർവ്വഹണ ഏജൻസിയ്ക്ക് നൽകുമ്പോൾ ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെടണമെന്ന് സർക്കുലർ നം.40305/ഡി.പി.1/03/ത.സ്വ.ഭ.വ, തീയതി.21-08-2003, പദ്ധതി മാർഗ്ഗരേഖ സ.ഉ(എം.എസ്)നം.4/2016/ത.സ്വ.ഭ.വ തിയതി 11-1-2016 ഖണ്ഡിക 6.15(x)(സി) എന്നിവ അനുശാസിക്കുന്നുണ്ട്. കരാർ ചമയ്ക്കാതിരുന്നാൽ പദ്ധതി പൂർത്തീകരണം വൈകുകയോ മറ്റു കാരണങ്ങളാൽ പദ്ധതി പൂർണ്ണമായി നടപ്പിലാക്കാതെ ഇടയിൽ ഉപേക്ഷിക്കുകയോ ചെയ്താൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയില്ല. ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ട ശേഷമല്ല മുൻകൂർ തുകകൾ നല്കിയിരിക്കുന്നത് എന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നു. ഡെപ്പോസിറ്റ് വർക്കുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2. ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത രീതി/ ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

3. ഗുണഭോക്താക്കളുമായി ഗ്രാമപഞ്ചായത്ത് ചമച്ച എഗ്രിമെന്റ് ഹാജരാക്കിയിട്ടില്ല.

4. എത്ര പേർക്ക് കണക്ഷൻ നല്കി, ആർക്കൊക്കെ നല്കി, ആകെ എത്ര രൂപ ചെലവായി

എന്നതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

5. എസ്റ്റിമേറ്റ് ഹാജരാക്കിയില്ല.

6. തുക വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധിക സബ്സിഡി നല്കിയ വകയിലുള്ള 350000/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും രേഖകൾ ഹാജരാക്കും വരെ 850000/-രൂപയുടെ ചെലവ് തടസ്സത്തിലും വയ്ക്കുന്നു.ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (2/14.2.19) മറുപടി ലഭിച്ചിട്ടില്ല.

## 3-13 സ്കൂൾ വിദ്യാർത്ഥികൾക്ക് സാനിറ്ററി നാപ്കിൻ ( ഷീ-പാഡ്) പദ്ധതി- നടപ്പിലാക്കിയിട്ടില്ല

പദ്ധതി- സ്കൂൾ വിദ്യാർത്ഥികൾക്ക് സാനിറ്ററി നാപ്കിൻ ( ഷീ-പാഡ്) പദ്ധതി-

പ്രോജക്ട് നം.246/18

അടങ്കൽ-1433692 ( പ്ലാൻ-ജനറൽ)

ചെലവ്-906486

ബിൽ നം.36/17-18 തിയ്യതി 24.1.18=906486

ഗ്രാമപഞ്ചായത്ത് വനിതഘടക പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിലെ മുഴുവൻ സ്കൂളുകൾക്കും സാനിറ്ററി നാപ്കിൻ (ഷീ-പാഡ്) പദ്ധതി നടപ്പിലാക്കി കുട്ടികളുടെ ആരോഗ്യവും വിദ്യാഭ്യാസവും മെച്ചപ്പെടുത്തുക എന്നതായിരുന്നു പദ്ധതി ലക്ഷ്യം.പദ്ധതി നടത്തിപ്പിന്റെ ഭാഗമായി താഴെ സൂചിപ്പിക്കുന്ന സാധനസാമഗ്രികൾ സ്കൂളുകളിൽ എത്തിക്കുന്നതിലേക്ക് മേൽ ബിൽ പ്രകാരം പിൻവലിച്ച 906486 രൂപ കേരള സംസ്ഥാന വനിത വികസന കോർപ്പറേഷന് അക്കൗണ്ട് ട്രാൻസ്ഫറായി തുക നല്കിയിട്ടുണ്ട്.(a/c.no.35810483408).

പദ്ധതി പ്രകാരം സ്കൂളുകൾക്ക് ലഭ്യമാക്കേണ്ട സാധനങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് | ഷീ-പാഡ് ആവശ്യ മുള്ള വിദ്യാർ | ആവശ്യമായ ഇൻസി നറേറ്റർ | അലമാര | ആവ ശ്യമായ ഷീ-പാഡ് പാക്കു |
|---|---|---|---|---|---|

| | | ത്ഥിനികൾ | | | കൾ |
|---|---|---|---|---|---|
| 1 | വി.ആർ. സി.എം.യൂ.പി.സ്കൂൾ | 215 | 1 | 1 | 1290 |
| 2 | ജി.യൂ.പി.എസ്. ചാത്തമംഗലം | 95 | 1 | 1 | 570 |
| 3 | ജി.ബി. എച്ച്.എസ്.എസ്, നെന്മാറ | 296 | 1 | 1 | 1776 |
| 4 | ജി.ജി.വി. എച്ച്.എസ്.എസ്, നെന്മാറ | 2189 | 2 | 1 | 13134 |
| 5 | എൽ.എൻ.എസ്. യൂ.പി.എസ്, നെന്മാറ | 9 | - | - | 54 |

പദ്ധതി ഫണ്ട് 1/2018 ൽ വനിതാ വികസന കോർപ്പറേഷന് നൽകിയെങ്കിലും സാധനസാമഗ്രികൾ സ്കൂളുകൾക്ക് നാളിതുവരെ ലഭ്യമായിട്ടില്ല. പദ്ധതി തുക നൽകി ഒരു വർഷം കഴിഞ്ഞിട്ടും സാധനങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ തുടർനടപടികൾ നിർവഹണഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടില്ല. തുക വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (8/15.2.19) മറുപടി ലഭിച്ചിട്ടില്ല.

## **3-14** <u>ഭിന്നശേഷിക്കാർക്ക് ഉപകരണം പദ്ധതി -വിനിയോഗവിവരം ലഭ്യമായില്ല</u>

ഭിന്നശേഷിക്കാർക്ക് ഉപകരണം-പഞ്ചായത്ത് വിഹിതം നല്കൽ-

പ്രോജക്റ്റ് നം.129/18

അടങ്കൽ-200000 ( പ്ലാൻ ഫണ്ട് -ജനറൽ)

ചെലവ്-200000

ബിൽ നം.31/17-18 തിയ്യതി 16.1.18

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി മേൽ ബിൽ പ്രകാരം പിൻവലിച്ച തുക ജില്ലാപഞ്ചായത്ത്, പാലക്കാടിലേക്ക് ട്രാൻസ്പർ ക്രെഡിറ്റ് ചെയ്ത് നല്കിയിട്ടുണ്ട് (a/c no.799011400002200). എത്ര ഗുണഭോക്താക്കൾക്ക് എത്ര രൂപ വീതം നല്കുന്നതിലേക്കാണ് തുക നല്കിയതെന്നോ, ഗുണഭോക്താക്കളുടെ പേരു വിവരങ്ങളോ ഓഡിറ്റിന് ലഭിച്ചിട്ടില്ല. ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിന്റെ വിവരം, (ഭരണസമിതി തീരുമാനം, ഗുണഭോക്തൃലിസ്റ്റ്), പദ്ധതി ഫണ്ട് വിനിയോഗിച്ച് എത്ര ഗുണഭോക്താക്കൾക്ക് ട്രൈസ്കൂട്ടർ നൽകി എന്നതിന്റെ വിവരം, ജില്ലാ പഞ്ചായത്തിന് നൽകിയ തുക വിനിയോഗിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. തുക വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം നം.8/15.2.19)

## 3-15 അംഗീകരിച്ച ടെണ്ടർ നിരക്കിനേക്കാൾ അധികം തുക നല്കി-

പ്രോജക്ട് നം.134/18-നെന്മാറ-വല്ലങ്ങി ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ

അടങ്കൽ-206000 (എം.ജി.നോൺ റോഡ്)

ചെലവ്-206000

ബിൽ നം.52/17-18തിയ്യതി 19.3.18=206000

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറവ് ക്വാട്ട് ചെയ്ത MENORAH POWER,THRISSUR ന്റെ ടെണ്ടർ (Rs.200000/) അംഗീകരിക്കുകയും (ഭരണസമിതി തീരുമാനം 9/9 തിയ്യതി 28.11.17 ) വർക്ക് ഓർഡർ നല്കി പദ്ധതി നടപ്പിലാക്കുകയും ചെയ്തു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് സ്ഥാപനം 206000/-രൂപയുടെ ബിൽ നല്കി(Tax invoice no.26/16.3.18). പ്രസ്തുത തുക നിർവഹണ ഉദ്യോഗസ്ഥൻ ട്രഷറിയിൽ നിന്നും പിൻവലിച്ച് അക്കൗണ്ട് ട്രാൻസ്ഫറായി നല്കുകയും ചെയ്തു (a/c 50319521884). അധികം നല്കിയ 6000/- രൂപ (206000-200000) ഉത്തരവാദിയിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പദ്ധതി നടത്തിപ്പിലെ മറ്റ് പ്രധാന അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.മെയിന്റനൻസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ - ജി.ഒ.(എം.എസ്) നം.330/04 ത.സ്വ.ഭ.വ

9.12.2004- പ്രകാരം കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസിന് മാത്രമാണ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കാവുന്നത്. ഗ്രാമപഞ്ചായത്തിന്റെ തനത് ആസ്തിയായ ഹൈമാസ്റ്റ് ലാമ്പ് റിപ്പയർ ചെയ്യുവാൻ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചത് ക്രമപ്രകാരമല്ല.

2.സ്ഥാപനവുമായി ഗ്രാമപഞ്ചായത്ത് എഗ്രിമെന്റ് ചമച്ചിട്ടില്ല.

3.മിനിമം രണ്ട് പ്രാദേശിക പത്രത്തിലെങ്കിലും പരസ്യം ചെയ്യണമെന്ന പ്രൊക്യൂയർമെന്റ് മാർഗ്ഗരേഖ വ്യവസ്ഥ പാലിച്ചിട്ടില്ല.

ടെണ്ടർ നിരക്കിനേക്കാൾ അധികം നല്കിയ 6000/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.ടി വിഷയം ചൂണ്ടികാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (10/15.2.19) മറുപടി ലഭിച്ചിട്ടില്ല.

## 3-16 തുക വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| പ്രോജക്ട് നമ്പരും പേരും | ബിൽ നമ്പരും തിയ്യതിയും | അടങ്കൽ | ചെലവ് തുക | നിർവ്വഹണ എജൻസി/ അക്കൗണ്ട് നം. |
|---|---|---|---|---|
| 232/18- പോത്തുണ്ടി ജി.ആർ.ഡി. കെട്ടിടം വൈദ്യുതീകരണം | 23/17-18 തിയ്യതി 27.2.18 | 145000 | 140625 | അസി.എക്സി. എഞ്ചിനീയർ, ഇലക്ട്രിക്കൽ വിഭാഗം, പാലക്കാട് |
| 9/18-പഞ്ചായത്ത് തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് മെയിൻ വലിക്കൽ | | 1900000 (900000- ധനകാര്യ കമ്മീഷൻ ഗ്രാന്റ് +1000000- തനത് ഫണ്ട് | 1899920 | എ.എക്സ്. ഇ. കെ.എസ്. ഇ.ബി, നെമ്മാറ |

തുക വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണംനം.16/19.2.18)

## 3-17 പൗരാവകാശ രേഖ പ്രസിദ്ധീകരിക്കൽ- സ്റ്റോക്ക് -ഇഷ്യൂ വിവരം ലഭ്യമാക്കിയില്ല

പ്രോജക്ട് - പൗരാവകാശ രേഖ പ്രസിദ്ധീകരിക്കൽ 13/18

അടങ്കൽ-150000( തനത് ഫണ്ട്)

ചെലവ്-148960

ട്രഷറി ചെക്ക് നം.1728693/20.3.18=148960

പൗരാവകാശരേഖ പ്രസിദ്ധീകരിക്കൽ എന്ന പദ്ധതിയുടെ നടത്തിപ്പിന്റെ ഭാഗമായി ടെണ്ടർ ക്ഷണിച്ചതിൽ ലഭ്യമായ രണ്ട് ടെണ്ടറുകളിൽ ഏറ്റവും കുറവ് ക്വോട്ട് ചെയ്ത അമ്പാൾ ഓഫ് സെറ്റ് പ്രസ്സ്, സുൽത്താൻപേട്ട, പാലക്കാട് (ഒരു ബുക്കിന് 19/- രൂപ പ്രകാരം) എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ഭരണസമിതിയുടെ 28.11.17 ലെ 9/9 നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു.

അപാകങ്ങൾ

1.വർക്ക് ഓർഡറിലോ സ്ഥാപനം സമർപ്പിച്ച ബില്ലിലോ, സ്റ്റോക്ക് രജിസ്റ്ററിലോ എത്ര എണ്ണം അച്ചടിച്ചു എന്നതിന്റെ വിവരം ഇല്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ (പേജ് നം.41-45 വരെ) മെമ്പർമാർ, നിർവ്വഹണോദ്യോഗസ്ഥർ, ജീവനക്കാർ എന്നിങ്ങനെയായി ആകെ 26 എണ്ണം കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

2.ഗ്രാമപഞ്ചായത്തിൽ ഭൗതിക പരിശോധന നടത്തിയതിൽ ആകെ 2000 കോപ്പികൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നുണ്ടെന്ന് ബോധ്യമായി.

3.ഫയൽ പരിശോധിച്ചതിൽ സ്ഥാപനത്തിന് 148960/- (ട്രഷറി ചെക്ക് നം.1728693/തിയ്യതി 20.3.18 ) രൂപ നല്കിയിരിക്കുന്നതായും കണ്ടു. എന്നാൽ പൗരാവകാശരേഖയുടെ എത്ര കോപ്പികളാണ് പ്രിന്റ് ചെയ്തത് എന്നോ ഗ്രാമപഞ്ചായത്തിൽ എത്ര കോപ്പികൾ ലഭ്യമായി

എന്നോ വ്യക്തമല്ല. സ്റ്റോക് രജിസ്റ്റർ പ്രകാരം വിതരണം ചെയ്ത 26 എണ്ണവും ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള 2000 എണ്ണവും ഉൾപ്പെടെ ആകെ 2026 കോപ്പികൾക്ക് 38494 രൂപ മാത്രമാണ് അനുവദിക്കാവുന്നത്. എന്നാൽ 148960 രൂപ നൽകിയതായി കാണുന്നു.

രേഖകൾ ഹാജരാക്കും വരെ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച 148960/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. ഖണ്ഡികയിൽ സൂചിപ്പിച്ച അപാകങ്ങൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. ടി വിഷയം ചൂണ്ടികാണിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (16/19.2.18) മറുപടി ലഭിച്ചിട്ടില്ല.

## **3-18** <u>അങ്കണവാടികൾക്ക് ഇലക്ട്രിക്കൽ കണക്ഷൻ നല്കൽ-ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല</u>

പ്രോജക്റ്റ് - അങ്കണവാടികൾക്ക് ഇലക്ട്രിക്കൽ കണക്ഷൻ നല്കൽ 130/18

പ്ലാൻ ജനറൽ- 200000

എം.ജി.നോൺ റോഡ്- 300000

ആകെ 500000

ചെലവ്- 426179

ബിൽ നം.1.48/17-18 തിയ്യതി 16.3.18=1800

2.33/17-18 തിയ്യതി 24.1.18=224460

3.50/17-18 തിയ്യതി 16.3.18=199919

പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ടെണ്ടർ ക്ഷണിച്ചതിൽ ലഭ്യമായ 3 ടെണ്ടറുകളിൽ ഏറ്റവും കുറവ് ക്വാട്ട് ചെയ്ത രാമചന്ദ്രൻ.എം, ആലുംപറമ്പ്, ചേരാമംഗലം എന്ന വ്യക്തിയുടെ ടെണ്ടർ അംഗീകരിച്ച് വർക്ക് ഓർഡർ നല്കി 36 അങ്കണവാടികളിൽ ഇലക്ട്രിഫിക്കേഷൻ നടത്തിയ വകയിൽ തുക ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ താഴെ പറയുന്ന ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

36 അങ്കണവാടികൾ ഇലക്ട്രിഫിക്കേഷൻ നടത്തിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ എം.ബുക്ക്, വർക്ക് ബില്ലുകൾ, എഗ്രിമെന്റ്, ബിൽ നം,33/17-18 തിയ്യതി 24.1.18 പ്രകാരം പിൻവലിച്ച 224460/- രൂപയിൽ കെ.എസ്.ഇ.ബി.യ്ക്ക് നല്കിയ 217260/- രൂപയുടെ രശീതി എന്നിവ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കും വരെ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച 426179/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. രേഖകളും അപാകങ്ങളും ചൂണ്ടികാണിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (16/19.2.19) മറുപടി ലഭിച്ചിട്ടില്ല.

## 3-19 പൊതുടാപ്പുകൾ കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രോജക്ട്- 10/18- കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം നൽകൽ

അടങ്കൽ-3895944 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്-3622944+തനത് ഫണ്ട്- 50000+MGNR-583000)

ചെലവ്-3596256

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള 685 പൊതു കുടിവെള്ള ടാപ്പുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. ടാപ്പ് ഒന്നിന് 5250 രൂപ നിരക്കിൽ പ്രതിവർഷം 3596250/- രൂപ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തിയ തി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു.

ഗാർഹിക കണക്ഷനുകൾക്ക് പ്രോൽസാഹനം നൽകി ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും കുടിവെള്ളം ഉറപ്പാക്കിയതിനുശേഷം പൊതുടാപ്പുകൾ നിർത്തലാക്കുക എന്ന സമീപനം സ്വീകരിച്ചിട്ടില്ല. വിവിധ വർഷങ്ങളിലായി നിരവധി പ്രാദേശിക കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ച് ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടും പൊതു ടാപ്പുകളുടെ എണ്ണത്തിൽ കുറവു വരാത്തതും കുറവു വരുത്താത്തതും പഞ്ചായത്തിന് ഭീമമായ തുക നഷ്ടം ഉണ്ടാക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പരമാവധി കുടുംബങ്ങൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി നിയമാനുസൃത സബ്സിഡി അനുവദിച്ച് ഗാർഹിക കുടിവെള്ള കണക്ഷനുകൾ അനുവദിക്കുന്നതിനുള്ള പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്. ഇക്കാര്യത്തിനായി 13-ാം പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള തുക വകയിരുത്താവുന്നതാണ്.
2. ജില്ലാ പഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രൊജക്ടുകൾ ആവിഷ്കരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.
3. ഒരു പ്രദേശത്തെ എല്ലാ വീടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.
4. പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി ഉപയോഗ രഹിതമായവയ്ക്ക് ചാർജ്ജ് ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം നം.25/20.2019)

# 3- 20 കുടിവെള്ള ഗാർഹിക കണക്ഷൻ – അധികസബ്സിഡി നൽകി

പ്രൊജക്ട് നമ്പർ- 248/18(കുടിവെള്ള ഗാർഹിക കണക്ഷൻ (TSP)

അടങ്കൽ- 100000(Plan - TSP)

ചെലവ് - 99000

ബിൽ നമ്പർ - 2/16.3.18 - 99000

നിർവഹണം- അസിസ്റ്റന്റ് സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ 40 എസ്.ടി കുടുംബങ്ങൾക്ക് 2500/- രൂപ നിരക്കിൽ കുടിവെള്ള ഗാർഹിക കണക്ഷൻ നൽകുവാനാണ് പദ്ധതി ആവിഷ്കരിച്ചത്.

പദ്ധതി മാർഗരേഖ G.O.(MS) 80/17/3.4.2017 പ്രകാരം വാട്ടർ അതോറിറ്റിയിൽ/ജലനിധിയിൽ നിന്നും കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുമ്പോൾ സബ്സിഡി അനുവദിക്കുന്നതിന് താഴെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

- വാർഷികവരുമാനം എസ്.ടി. വിഭാഗം 2 ലക്ഷം രൂപയിൽ താഴെ ഉള്ളവർക്ക് മാത്രമാണ് സബ്സിഡി നൽകാവുന്നത്.
- വാട്ടർ അതോറിറ്റിയിൽ /ജലനിധിയിൽ നിന്നും നിന്നും കുടിവെള്ള കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ഓരോരുത്തർക്കും സബ്സിഡി തുക നൽകാവുന്നതാണ്.
- കരാറുകാർക്കോ ഗുണഭോക്തൃസമിതിക്കോ തുക നൽകാവുന്നതല്ല.

എന്നാൽ മേൽവ്യവസ്ഥകളൊന്നും പാലിക്കാതെ നിർവഹണഉദ്യോഗസ്ഥൻ പദ്ധതി തുക പിൻവലിച്ച് വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. അംഗീകരിച്ച പദ്ധതി ഡെപ്പോസിറ്റ് പ്രവർത്തിയല്ല എങ്കിലും 14 ഗുണഭോക്താക്കൾക്ക് കണക്ഷൻ നൽകുന്നതിനുള്ള എസ്റ്റിമേറ്റ് - 99000- രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കി തുക നിക്ഷേപിക്കുകയാണ് ചെയ്തത്. ഗുണഭോക്താക്കൾക്ക് കണക്ഷൻ ലഭ്യമായശേഷം നേരിട്ട് സബ്സിഡി അനുവദിക്കുന്നതിന് പകരം പ്രവർത്തിയുടെ 100% തുകയും (സബ്സിഡി പരിധി കണക്കാക്കാതെ) വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത് ക്രമപ്രകാരമല്ല.

അംഗീകരിച്ച പദ്ധതി പ്രകാരം 2500/- രൂപ നിരക്കിലാണ് സബ്സിഡി അനുവദിക്കാവുന്നത്. അതിനാൽ 14 ഗുണഭോക്താക്കൾക്കായി ആകെ 35000/- രൂപയാണ് അനുവദിക്കാവുന്നത്. എന്നാൽ 14 ഗുണഭോക്താക്കൾക്കായി 99000/- രൂപയാണ് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. ആകെ 64000/- (99000-35000) രൂപ അധിക സബ്സിഡിയായി നൽകിയിട്ടുണ്ട്.

പദ്ധതി ഫണ്ട് കൈമാറിയെങ്കിലും ഗുണഭോക്താക്കളുടെ ലിസ്റ്റ് വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടില്ല. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതായും 14 പേരുടെ ലിസ്റ്റും ഓണർഷിപ്പ് സർട്ടിഫിക്കറ്റും ഉടൻ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് 28.7.2018 ന് വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുകയോ ഗ്രാമസഭയോ ഭരണസമിതി ലിസ്റ്റ് അംഗീകരിക്കുകയോ ചെയ്തതായി കാണുന്നില്ല.

ഓഡിറ്റ് എൻക്വയറിക്ക്(17/19.2.2019) മറുപടിയായി 19.2.2019 ലെ എ1-17/19 നമ്പർ കത്ത് മുഖേന വാട്ടർ അതോറിറ്റിയോട് ഡെപ്പോസിറ്റ് തുക തിരികെ ആവശ്യപ്പെട്ടിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.

പദ്ധതി പ്രകാരം അനുവദനീയമായ 2500/- രൂപയിൽ അധികരിച്ച് അനുവദിച്ച 64000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് പദ്ധതി ആരംഭിക്കാത്ത സാഹചര്യത്തിൽ പദ്ധതി തുക 35000/- രൂപ (ചെലവ് തുകയായ 99000/- രൂപയിൽ നിരാകരിച്ച 64000/-രൂപ ഒഴികെ) തടസ്സപ്പെടുത്തുന്നു. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 3-21 എസ്.സി. കോളനികളിൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ - ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

പദ്ധതി- എസ്.സി. കോളനികളിൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ-(242/18)

അടങ്കൽ - 10,00,000

ചെലവ് - 10,00,000

ബിൽ നമ്പർ - 6/26.3.2018

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ 38 എസ്.സി കോളനികളിൽ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിനുള്ള പദ്ധതി പ്രകാരം SBI- 67147990082 നമ്പർ അക്കൗണ്ടിലേക്ക് 10,00,000 രൂപ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ തുകയുടെ കൈപ്പറ്റുവിവരം, വാട്ടർ അതോറിറ്റിയും നിർവഹണഉദ്യോഗസ്ഥനും തമ്മിലുള്ള കരാർ, തുക വിനിയോഗസാക്ഷ്യപത്രം എന്നിവ

ലഭ്യമാക്കിയിട്ടില്ല.

## 3-22 ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ സംവിധാനം - അവലോകനം

1998 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ 10 മുതൽ 29 വരെയുള്ളതിലെ നിർദ്ദേശങ്ങൾ,1 3-ാം പദ്ധതിയുടെ മാർഗ്ഗരേഖയും സബ്ഡിഡി മാനദണ്ഡങ്ങളും സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, ഇ-വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, ഹസാർഡസ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, എന്നിവയിലെ നിർദ്ദശങ്ങൾ പാലിക്കുന്നതിൽ നെമ്മാറ ഗ്രാമപഞ്ചായത്ത് എത്രത്തോളം കാര്യക്ഷമത പ്രകടിപ്പിച്ചിട്ടുണ്ട് എന്ന് പരിശോധിക്കുവാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.

മാലിന്യങ്ങൾ നീക്കം ചെയ്യൽപദ്ധതി

മാലിന്യ ശേഖരണത്തിനായി തൻവർഷം മാലിന്യങ്ങൾ നീക്കം ചെയ്യൽ (198/18) എന്ന പദ്ധതി പ്രകാരം 10,00,000/-രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം നെന്മാറ ഗ്രാമപഞ്ചായത്തിൽ വക്കാവ് മാലിന്യ സംസ്കരണ പ്ലാന്റിൽ കുടികിടക്കുന്ന ജൈവ-അജൈവ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉൾപ്പെടെയുള്ള പാഴ്വസ്തുക്കൾ പൊതുജനാരോഗ്യ പ്രശ്നങ്ങൾ മുൻ നിർത്തി ടി സ്ഥലത്ത് നിന്നും നീക്കം ചെയ്ത് കൊണ്ടുപോകുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ടെണ്ടർ ക്ഷണിച്ചതിൽ ലഭ്യമായ 4 ടെണ്ടറുകളിൽ ഏറ്റവും കുറവ് ക്വാട്ട് ചെയ്ത ശ്രീ.ദേവദാസ്, പുളിക്കൽ ഹൗസ്, വിത്തനശ്ശേരി എന്നയാളുടെ ടെണ്ടർ ഭരണസമിതി തീരുമാനം 9/9 തിയ്യതി 28.11.17 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഒരു ടൺ മാലിന്യത്തിന് 6600/-രൂപ എന്ന എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 10% കുറവായി രേഖപ്പെടുത്തിയ അതായത് ഒരു കിലോക്ക് 5.94/-രൂപ നിരക്കിലാണ് ടെണ്ടർ അംഗീകരിച്ചിരിക്കുന്നത്. പ്രവൃത്തിയുടെ ഭാഗമായി 31.1.18 മുതൽ 2.2.18 വരെയുള്ള 3 ദിവസ്സങ്ങളിലായി 206850 kg മാലിന്യം വക്കാവ് പ്രദേശത്ത് നിന്നും ശേഖരിച്ച് നീക്കം ചെയ്ത വകയിൽ ഒരു ടണ്ണിന് 5940 *151.55 (എസ്റ്റിമേറ്റ് നിരക്ക്) പ്രകാരം 899999/-രൂപ ശ്രീ.ദേവദാസിന് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന തുക നല്കിയിട്ടുണ്ട്. (a/c.no.0810101017319).പദ്ധതി നടത്തിപ്പിലെ പ്രധാന അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

അപാകങ്ങൾ.

1. കരാർ വ്യവസ്ഥ (19/18 തിയ്യതി 10.1.18) 3 ൽ നിഷ്കർഷിച്ച പ്രകാരം ആദായ നികുതി 9000/-രൂപ (1%) ശ്രീ.ദേവദാസിൽ നിന്നും ഈടാക്കി ഒടുക്കിയിട്ടില്ല. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. വക്കാവ് ഡമ്പിംഗ് ഗ്രൗണ്ടിൽ നിന്നും മൂന്ന് ദിവസ്സങ്ങളിലായി നീക്കംചെയ്ത മാലിന്യങ്ങൾ എവിടെയാണ് നിക്ഷേപിച്ചത് / സംസ്കരിച്ചത് എന്നതിന്റെ വിവരം വ്യക്തമാക്കപ്പെട്ടിട്ടില്ല.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ പ്രകാരം സ്വീകരിച്ച നടപടികൾ

പതിമൂന്നാം പദ്ധതിയുടെ മാർഗ്ഗരേഖ സ.ഉ(കൈ)നം.17/2018/തസ്വഭവ തിയതി 2-2-2018 ലെ ഖണ്ഡിക 11 പ്രകാരം പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് നടത്തിയതിനുശേഷം ലഭിക്കുന്ന ഷ്രെഡ്ഡ്, റോഡ് നിർമ്മാണത്തിന് ഉപയോഗപ്പെടുത്തുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. പത്ത് ശതമാനം റോഡ് പ്രവൃത്തികളിലെങ്കിലും ഇത് ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ക്ലീൻ കേരള കമ്പനിയുടെ സഹായം തേടേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഷ്രെഡ്ഡിംഗ് മെഷീൻ സ്ഥാപിച്ചിട്ടില്ല.

ഖണ്ഡിക നം. 15 പ്രകാരം ആളോഹരി ഖര-ദ്രവ-ഇ മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിനും മാലിന്യത്തിൽ നിന്ന് ഊർജ്ജം എന്ന ആശയത്തിന് ഊന്നൽ നൽകുന്നതിനും ദീർഘവീക്ഷണത്തോടുകൂടിയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

സ.ഉ(കൈ)നം.22/2018/തസ്വഭവ തിയതി 14-02-2018 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8 ഖര-ദ്രവ മാലിന്യ സംസ്കരണത്തിനായി അനുവദിക്കാവുന്ന സബ്സിഡിയുടെ വിവരം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആവശ്യമായ പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് വികേന്ദ്രീകൃത മാലിന്യ സംസ്കരണം ഉറപ്പാക്കുവാൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധിച്ചിട്ടില്ല.

അനുവദനീയമായ ഇനങ്ങൾക്ക് സബ്സിഡി അനുവദിച്ച് പരമാവധി മാലിന്യം വീടുകളിൽ തന്നെ സംസ്കരിക്കുന്നതിനുള്ള പ്രോൽസാഹനം നൽകേണ്ടതുണ്ട്.

ശുചിത്വം, മാലിന്യ സംസ്കരണം എന്ന വർക്കിംഗ് ഗ്രൂപ്പിൽ തീരുമാനങ്ങൾ കൈക്കൊള്ളുന്നുണ്ടെങ്കിലും ആയത് പ്രാവർത്തികമാക്കുന്ന വിധത്തിൽ തുടർനടപടികൾ ഒന്നും തന്നെ സ്വീകരിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ തൻവർഷം ഒരു യോഗം മാത്രമെ കൂടിയിട്ടുള്ളൂ.

പ്ലാസ്റ്റിക് മാലിന്യങ്ങൾ, ഇ-വേസ്റ്റ്, അജൈവ മാലിന്യങ്ങൾ എന്നിവ വേർതിരിച്ച് ശേഖരിക്കുന്നതിനായി എം.ആർ.എഫ് സെന്ററുകൾ നിർമ്മിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്. മാലിന്യ സംസ്കരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>പൊതു സ്ഥലത്ത് മാലിന്യം നിക്ഷേപിക്കുന്നതിന് എതിരായ നടപടി</u>

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ 24 പ്രകാരം ചവറോ മാലിന്യമോ പൊതുസ്ഥലങ്ങളിൽ ഇടുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ആരെങ്കിലും അപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ പിഴ ചുമത്തേണ്ടതും തുക ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതുമാണ്. അപ്രകാരം തുക അടയ്ക്കാത്തപക്ഷം അയാളുടെ മേൽ സെക്രട്ടറി പ്രൊസിക്യൂഷൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

മാലിന്യങ്ങൾ ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്നതിനെതിരെയും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. അപ്രകാരമുള്ള ഒരു കുറ്റം കോഗ്നൈസിബിളും ജാമ്യം ഇല്ലാത്തതുമായിരിക്കുന്നതുമാണ്. അപ്രകാരമുള്ള കുറ്റം ചെയ്ത ഏതൊരാളും കുറ്റസ്ഥാപനത്തിന്മേൽ പതിനായിരം രൂപയിൽ കുറയാതെയും ഇരുപത്തയ്യായിരം രൂപയിൽ കവിയാതെയുള്ള പിഴയും ആറ് മാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള കാലത്തേക്ക് തടവും നൽകി ശിക്ഷിക്കപ്പെടുന്നതിനും വ്യവസ്ഥയുണ്ട്. അത്തരത്തിൽ പിഴ ഈടാക്കുകയോ മറ്റ് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

<u>ഹരിത കർമ്മസേന</u>

വീടുകളിൽ നിന്നും നേരിട്ട് മാലിന്യം ശേഖരിക്കുന്നതിനായി ഹരിത കർമ്മ സേന രൂപീകരിച്ചിട്ടുണ്ടെങ്കിലും ഇവയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

പ്ലാസ്റ്റിക്ക് നിയന്ത്രണത്തിനായി സ്വീകരിച്ച നടപടികൾ

പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 ലെ വ്യവസ്ഥകൾ അനുസരിച്ച് പുറപ്പെടുവിച്ച 24-09-2016 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.576/ഡി.സി-1/16/തസ്വഭവ പ്രകാരം 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ മാത്രമേ വിതരണം ചെയ്യുന്നുള്ളൂ എന്ന് ഉറപ്പാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. നിശ്ചിത തുക പരിപാലന ഫീസായി വ്യാപാരികളിൽ നിന്നും ഈടാക്കുന്നതിനും ആയത് സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ചെലവഴിക്കുവാനും അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം ഫീസ് നിശ്ചിയിച്ചതിന്റെയും പിരിച്ചെടുത്തതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

നെന്മാറ ഗ്രാമപഞ്ചായത്തിൽ വ്യാപാര സ്ഥാപനങ്ങളിലെ പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ മുതലായവ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായും കാണുന്നില്ല.

ബദൽ മാർഗ്ഗങ്ങൾ

പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ ഉൾപ്പെടെയുള്ള വസ്തുക്കൾക്ക് നിയന്ത്രണം ഏർപ്പെടുത്തുമ്പോൾ പേപ്പർ ബാഗ്, തുണി സഞ്ചി മുതലായ പരിസ്ഥിതി സൗഹ്ദമായ സാമഗ്രികളുടെ ഉൽപ്പാദനവും വിപണനവും പ്രോൽസാഹിപ്പിക്കേണ്ടത് അനിവാര്യമാണ്. അത്തരത്തിൽ ബദൽ മാർഗ്ഗങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ സംവിധാനം ശക്തിപ്പെടുത്തേണ്ടതാണ്.
2. എല്ലാ വാർഡുകളിലേയും മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
3. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള പ്രൊജക്ടുകൾ ആവിഷ്കരിച്ച് വികേന്ദ്രീകൃത മാലിന്യസംസ്കരണം പ്രോൽസാഹിപ്പിക്കേണ്ടതാണ്.
4. ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിച്ച് പ്ലാസ്റ്റിക്ക് ഉചിതമായ രീതിയിൽ കയ്യൊഴിക്കേണ്ടതാണ്.

5. പ്ലാസ്റ്റിക്ക് സഞ്ചികളും കവറുകളും നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. 2016 ലെ വിവിധ കേന്ദ്ര ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സോളിഡ്, പ്ലാസ്റ്റിക്, ഇ-വേസ്റ്റ്, എന്നിങ്ങനെയുള്ള മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

7. ഹരിത കർമ്മസേനയുടെ പ്രവർത്തനം ആരംഭിക്കേണ്ടതും വീടുകളിലെ മാലിന്യം നീക്കം ചെയ്യുന്നത് കാര്യക്ഷമമാക്കേണ്ടതുമാണ്.

8. എല്ലാ വാർഡുകളിലും ശുചിത്വത്തിനേയും മാലിന്യത്തേയും കുറിച്ചുള്ള ബോധവത്കരണ പരിപാടികൾ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി നടത്തേണ്ടതാണ്.

9. പൊതു സ്ഥലത്ത് മാലിന്യങ്ങൾ വലിച്ചെറിയുകയും പുഴയിലേക്ക് ഒഴുക്കിവിടുന്നവർക്കുമെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

10. പ്ലാസ്റ്റിക്കിനു പകരമായി ഉപയോഗിക്കാവുന്ന ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തി പ്രോൽസാഹിപ്പിക്കേണ്ടതാണ്.

11. ഖരമാലിന്യ പ്ലാന്റ് സ്ഥാപിച്ച് ജൈവമാലിന്യം വളമാക്കി മാറ്റുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

12. മാലിന്യ സംസ്കരണ മേഖലയിൽ ഗ്രാമപഞ്ചായത്ത് തിരിച്ചറിഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

13. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (എം.ആർ.എഫ്) സെന്ററുകൾ തുടങ്ങുക, ഹരിത കർമ്മ സേന ആരംഭിക്കുക.

**മേൽ വിഷയത്തിൽ ഗ്രാമപഞ്ചായത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതാണ്.**

ടി വിഷയങ്ങൾ ചൂണ്ടികാണിച്ച് കൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (8/15.2.19) മറുപടി ലഭിച്ചിട്ടില്ല

## 3-23 പാലിയേറ്റീവ് പരിചണം പദ്ധതി- അപാകങ്ങൾ

1)ഹോം കെയർ നടത്തുന്നതിനുള്ള വാഹനത്തിന് തുക അനുവദിച്ചതിന്റെ രേഖകൾ പരിശോധിച്ചതിൽ ഏപ്രിൽ, മെയ് മാസങ്ങളിലെ ഗൃഹസന്ദർശനത്തിന് ഉപയോഗിച്ച വാഹനം സഞ്ചരിച്ച ദൂരം ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ കാലയളവിൽ ദൂരം പരിധി കണക്കിലെടുത്തു തന്നെയാണോ വാഹനത്തിന് തുക അനുവദിച്ചിരിക്കുന്നത് എന്നത് വ്യക്തമല്ല. (ബിൽ നമ്പർ 2/17.10.2017-₹.138294/- ൽ നിന്നും ഏപ്രിൽ, മെയ് മാസങ്ങളിലെ വാടകയിനത്തിൽ യഥാക്രമം 11800, 12400 രൂപ നല്കിയിട്ടുണ്ട്.). ഓരോ ദിവസവും സഞ്ചരിക്കുന്ന ദൂരത്തെ അടിസ്ഥാനമാക്കിയാണ് വാടകയുടെ നിരക്ക് ക്വട്ടേഷൻ മുഖേന നിശ്ചയിച്ചിരിക്കുന്നത്. ആയതിനാൽ ദൂരം രേഖപ്പെടുത്താത്ത ട്രിപ്പ് ഷീറ്റ് പ്രകാരം തുക നല്കുന്നത് ശരിയായ നടപടിയല്ല. ട്രിപ്പ് ഷീറ്റ് പൂർണമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2).പാലിയേറ്റീവ് മാനേജമെന്റ് കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ, ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും , പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ് എന്ന് ജി. ഒ. (ആർ. ടി ) 3217/2015 ത.സ്വ.ഭ.വ. 29.10.15 – നമ്പർ ഉത്തരവിൽ(പാലിയേറ്റീവ് പരിചരണ മാർഗരേഖ) വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നെന്മാറ ഗ്രാമപഞ്ചായത്തിന്റെ പി.എം.സി. 2017-18 വർഷത്തിൽ നാലു തവണ മാത്രമാണ് കൂടിയിട്ടുള്ളത്. ഓരോ മാസത്തെയും പ്രതിമാസ അവലോകന റിപ്പോർട്ടും വരവ് -ചെലവ് കണക്കും മെമ്പർ സെക്രട്ടറി ഓരോ യോഗത്തിലും അവതരിപ്പിക്കേണ്ടതാണ്. യോഗം റിപ്പോർട്ട് വിലയിരുത്തി അംഗീകാരയോഗ്യമെങ്കിൽ അംഗീകരിക്കേണ്ടതുമാണ്. ഇത് കൂടാതെ ഓരോ ദ്വൈമാസ യോഗത്തിലും അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറേക്കേണ്ടതാണ്.(എൻക്വയറി-12/ .2.19-മറുപടി ലഭിച്ചില്ല.)

## 3-24 ആയുർവേദ ഡിസ്പെൻസറിയ്ക്ക് മരുന്നുവാങ്ങൽ– നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

പ്രോജക്റ്റ് നമ്പർ- 215/18- ആയുർവേദ ഡിസ്പെൻസറിയ്ക്ക് മരുന്നുവാങ്ങൽ

അടങ്കൽ -600000(വികസന ഫണ്ട്-ജനറൽ)

ചെലവ് -ബിൽ നമ്പർ 2/17-18/ 13.11.17, ₹.600000 (വികസന ഫണ്ട്-ജനറൽ)

2017-18 വർഷത്തിൽ ആയുർവേദ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതിയിലൂടെ 600000രൂപ ആയുർവേദ മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ആവശ്യമായ മരുന്നുകൾ അതാത് വകുപ്പിൽ നിന്നും ആവശ്യമായ അളവിൽ ലഭ്യമല്ല എന്ന് മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മാത്രമേ മരുന്ന് വാങ്ങാവൂ എന്ന് പ്രോജക്റ്റിൽ നിഷ്കർഷിച്ചിട്ടുണ്ട്. എൻ. എ.സി വാങ്ങാതെയാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. ഇതേക്കുറിച്ച് നല്കിയ എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. പ്രോജക്ടറ്റിൽ നിഷ്കർഷിച്ച വിധം തന്നെ എല്ലാ നടപടിക്രമങ്ങളും പാലിച്ച് മരുന്നുകൾ വാങ്ങേണ്ടതാണ്.

## 3-25 പുസ്തകം വാങ്ങൽ പദ്ധതി-സർക്കാർ നിർദേശം പാലിച്ചിട്ടില്ല

സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3709/17, 18.11.17 അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിനിർവഹണത്തിന്റെ ഭാഗമായി പുസ്തകങ്ങൾ വാങ്ങുമ്പോൾ ആയത് ബുക്ക്മാർക്ക്, സാഹിത്യ സഹകരണ സംഘം എന്നിവയിൽ നിന്നും വാങ്ങാൻ നിർദേശമുണ്ട്. 2017-18 വർഷത്തിൽ എച്ച്.എം നടപ്പാക്കിയ പുസ്തകം വാങ്ങൽ പദ്ധതിയിൽ സർക്കാർ നിർദേശിച്ച സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിനു പകരം മറ്റൊരു സ്ഥാപനത്തിൽ നിന്നുമാണ് പുസ്തകങ്ങൾ വാങ്ങിയിരിക്കുന്നത് . വിശദവിവരങ്ങൾ:

പ്രോജക്റ്റ്- 114/18-സ്കൂൾ ലൈബ്രറികളിലേക്ക് പുസ്തകം വാങ്ങൽ

അടങ്കൽ - 125000(വികസനഫണ്ട്- ജനറൽ)

ചെലവ്- ബിൽ നമ്പർ- 2/17-18, 18.1.18- ₹. 125000(വികസനഫണ്ട്- ജനറൽ)

17-18ൽ 125000 രൂപയുടെ പുസ്തകങ്ങൾ വാങ്ങി 10 സ്കൂളുകളുടെ ലൈബ്രറികളിലേക്ക് നല്കിയിണ്ട്. മാതൃഭൂമി പ്രിന്റിങ്ങ് അന്റ് പബ്ളിക്കേഷസ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് ഇവ

വാങ്ങിച്ചിട്ടുള്ളത് . ക്രഡിറ്റ് വ്യവസ്ഥയിലാണ് പുസ്തകങ്ങൾ നല്കിയിരിക്കുന്നത്. സർക്കാർ നിർദേശിച്ചതിൽ നിന്നും വ്യത്യസ്തമായി പുസ്തകങ്ങൾ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി നല്കിയതിന് നിർവഹണ ഉദ്യോഗസ്ഥ നല്കിയ മറുപടി ഇപ്രകാരമാണ്. പഞ്ചായത്ത് എഡ്യൂക്കേഷൻ കമ്മിറ്റി(PEC) ഇക്കാര്യത്തെക്കുറിച്ച് അന്വേഷിച്ചപ്പോൾ സർക്കാർ നിർദേശിച്ച സ്ഥാപനങ്ങളേക്കാൾ കുറഞ്ഞ നിരക്കിൽ -33 ശതമാനം ഡിസ്കൗണ്ട് നിരക്കിൽ - മാതൃഭൂമി പ്രിന്റിങ്ങ് അന്റ് പബ്ളിക്കേഷസ് എന്ന സ്ഥാപനത്തിൽ നിന്നും പുസ്തകങ്ങൾ ലഭിക്കുമെന്ന് വ്യക്തമായി. ഡിസ്കൗണ്ട് തുകയ്ക്കു കൂടി അധിക പുസ്തകങ്ങൾ സ്കൂളുകളിലേക്ക് വാങ്ങി നല്കാമെന്നതിനാൽ PECയുടെ 12.12. 2017 ലെ 2-ാം തീരുമാനപ്രകാരം ഈ സ്ഥാപനത്തിൽ നിന്നും വാങ്ങുകയാണ് ചെയ്തത് എന്നും അറിയിച്ചു.

## 3-26 അങ്കൺവാടി പോഷകാഹാരം (ജനറൽ) പദ്ധതി- സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

1. 2017-18 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ അങ്കൺവാടി പോഷകാഹാരം (ജനറൽ) പദ്ധതിക്കുള്ള ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 3 ബില്ലുകളിലുൾപ്പെട്ട സാധനങ്ങൾ സ്റ്റോക്കിലെടുത്തു വിതരണം ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ല. അങ്കൺവാടി ജീവനക്കാർ സമർപ്പിച്ച ആവശ്യമായ സാധനങ്ങളുടെ ഇന്റെന്റും, മാവേലി സ്റ്റോറിൽ നിന്നുള്ള ബില്ലുകളും രശീതികളും മാത്രമാണ് ഓഡിറ്റ് പരിശോധനയ്ക്കായി ലഭിച്ചത്. വിശദവിവരങ്ങൾ :

പ്രോജക്റ്റ് നമ്പർ- 108/18-അങ്കൺവാടി കുട്ടികൾക്കുള്ള പോഷകാഹാരം പദ്ധതി(ജനറൽ)

അടങ്കൽ - 3500000 (വികസന ഫണ്ട് - 1391308,ധനകാര്യ കമ്മീ. അവാർഡ്- 150000, കേന്ദ്ര വിഹിതം- 150000, തനത് ഫണ്ട്- 458692)

ചെലവ്-3462825രൂപ.

ടി ചെലവ് തുകയിൽ നിന്നും താഴെ ചേർത്തിട്ടുള്ള ബില്ലുകളുടെ ഭാഗമായുള്ള വാങ്ങലുകളിലാണ് സ്റ്റോക്ക് എൻട്രിയും, വിതരണവിവരവും ഇല്ലാത്തത്.

1.ബിൽനമ്പർ-2/27.09.2017-₹.1085833/-(വികസനഫണ്ട്-ജനറൽ)

സിവിൽ സപ്ളൈസ്- ബിൽ നമ്പർ -16888/9.3.17-₹.59922- 50 കിലോ വീതമുള്ള 35 ചാക്ക് ഡീലക്സ്പൊന്നിഅരി@33.95 രൂപ/കിലോ,ആകെ 1765 കിലോ

2.ബിൽനമ്പർ-11/5.03.2018-₹.250597/-(വികസനഫണ്ട്-ജനറൽ)

സിവിൽ സപ്ളൈസ്- ബിൽ നമ്പർ-0903103/17864/3.10.17-₹.209842.5 /-(ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് 1223 ഉൾപ്പടെ)

മേൽസൂചിപ്പിച്ച വാങ്ങലുകളുടെ സ്റ്റോക്ക് , വിതരണ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കാനായി എൻക്വയറി (11/19.2.19) നല്കുകയും, അങ്കണവാടികളുടെ സ്റ്റോക്ക് രജിസ്ററർ പ്രകാരം ലഭ്യമായ ഭക്ഷ്യവസ്തുക്കളുടെ കണക്ക് ഹാജരാക്കുകയും ചെയ്തു. ഇവ ബിൽ പ്രകാരം വാങ്ങിയ വസ്തുക്കളുടേതുമായി പൊരുത്തപ്പെടുന്നുണ്ട്. ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിന്റെയും വിതരണം ചെയ്യുന്നതിന്റെയും രേഖകൾ യഥാസമയം കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 3-27 കുടുംബശ്രീ-ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയ്ക്കു നടപടികൾ ആവശ്യപ്പെടുന്നു

പ്രോജക്ട്-119/18-പട്ടിക വർഗ്ഗ ആശ്രയ പദ്ധതി

അടങ്കൽ-275000-ടി.എസ്.പി

ചെലവ്-275000

ബിൽ നം.5/17-18 തിയ്യതി 27.9.17=275000

വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന്റെ ഭാഗമായി മേൽ ബിൽ പ്രകാരം പിൻവലിച്ച തുക കാനറ ബാങ്ക് നെന്മാറ ശാഖയിൽ സി.ഡി.എസ്.ചെയർപേഴ്സണിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചു. 2017-18 സാമ്പത്തിക വർഷത്തിൽ പദ്ധതി നടത്തിപ്പിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. 2018-19 വർഷത്തിൽ ടി തുകയിൽ നിന്നും ഭക്ഷണം, വസ്ത്രം എന്നീ ചെലവുകൾക്കായി 90877/-രൂപ മാത്രം ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുകയായ 184123/-രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. ആശ്രയ പദ്ധതി അവസാനിച്ച സാഹചര്യത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക

സ.ഉ.(എം.എസ്) നം.252/17 ത.സ്വ.ഭ.വ.തിയ്യതി 12.12.17 അഗതി രഹിത കേരളം പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരം നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-29 അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

നെന്മാറ ഗ്രാമപഞ്ചായത്തിൽ ആകെ 47 അങ്കണവാടികളുണ്ട്. ഇതിൽ ചില അങ്കണവാടികൾക്ക് ആവശ്യമായ സൗകര്യങ്ങളില്ല. പരിമിതമായ സൗകര്യങ്ങൾ ഉള്ള അങ്കണവാടികളുടെ എണ്ണം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | വൈദ്യുതീകരിക്കാത്തവ | 6 |
| 2 | സ്വന്തം കെട്ടിടമില്ലാത്തത് | 5 |
| 3 | കോൺക്രീറ്റ് കെട്ടിടമില്ലാത്തത് | 10 |
| 4 | ടോയ് ലെറ്റ് സൗകര്യമില്ലാത്തത് | 3 |
| 5 | വാട്ടർകണക്ഷൻ ഇല്ലാത്തത് | 40 |
| 6 | ചുറ്റുമതിൽ ഇല്ലാത്തത് | 29 |

2017-18 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 അനുസരിച്ച് ഐ.സി.ഡി. എസ്.നു കീഴിലുള്ള പദ്ധതികൾക്കായി 2338729 രൂപ കേന്ദ്ര വിഹിതം ചെലവഴിക്കാൻ ബാക്കിയുണ്ട്. സർക്കുലർ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭ.വ തിയതി 3-9-2010 പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശമുണ്ട്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് / വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2450000 | ഉഴവ് കൂലി | 2356060 | 93940 |
| | | 1950000 | പാൽ സബ്സിഡി | 1950000 | 0 |
| | | 183335 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 183335 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 350000 | ഉഴവ് കൂലി | 3365800 | 134200 |
| | 2017-18 | 100000 | പാൽ സബ്സിഡി | 100000 | 0 |

പദ്ധതി ചെലവ് പത്രിക പ്രകാരമുള്ള കണക്കുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. വാർഷികകണക്കുകളുമായി ഇവ പൊരുത്തപ്പെടുന്നില്ല. കൂടാതെ വാർഷിക കണക്ക് പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 5,00,000/-മുൻവർഷം ബാലൻസ് തുകയുള്ളത് തൻവർഷവും ചെലവഴിച്ചിട്ടില്ല. തുക ലഭിച്ച വർഷം, പദ്ധതി എന്നിവയുടെ വിവരം ലഭ്യമല്ല.

## 4-2 ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തുക നൽകൽ

### ഡെപ്പോസിറ്റ് പ്രവർത്തികൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | ബിൽ/ ചെക്ക് നമ്പർ | മുൻകൂർ ന ൽകിയ തുക | ചെല വഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (9/18) | 49/16.3.18<br>999920/14.3.18 | 900000<br>999920 | വിവരം ലഭ്യമല്ല | |

| | | | | | |
|---|---|---|---|---|---|
| അസി.എക്സി.എഞ്ചിനീയർ PWD | പോത്തുണ്ടി GRD കെട്ടിടം | 23/27-2-18 | 140625 | വിവരം ലഭ്യമല്ല | |
| ജല അതോറിറ്റി | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 6/26.3.2018 | 10,00,000 | - | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ലോൺ | വല്ലങ്ങി വിത്തനശ്ശേരി കോ ഓപ്പരേറ്റീവ് ലോൺ | 16164032 | 2150000 | 2150000 | | 0 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 9359782 |
| തൻവർഷം നിക്ഷേപിച്ച തുക | 40,00,000 |

| | |
|---|---|
| പലിശ | 412568 |
| ആകെ | 13772350 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 13772350 |

ഗ്രാമപഞ്ചായത്ത് സമർപ്പിച്ച രജിസ്റ്റർ പ്രകാരം 40 നിക്ഷേപങ്ങളാണുള്ളത്. വാർഷിക കണക്കിലെ (ബാലൻസ് ഷീറ്റിലെ) തുകയുമായി പൊരുത്തപ്പെടുന്നുണ്ടെങ്കിലും F.D രസീതികളുടെ ഭൗതിക പരിശോധനയിൽ തുകയിൽ വ്യത്യാസമുള്ളതായി കാണുന്നു. രജിസ്റ്ററിൽ F.D പുതുക്കിയതിന്റെ വിവരം (പലിശ ഉൾപ്പടെയുള്ള Renewal amount )കൃത്യമായി ചേർത്തിട്ടില്ല.

സാമ്പത്തിക വർഷാവസാനം നിക്ഷേപ രസീതികളുടെ ഭൗതിക പരിശോധന നടത്തി കണക്കിന്റെ കൃത്യത സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

സ്ഥിര നിക്ഷേപത്തിന്റെ വിശദാംശങ്ങൾ

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ F.D .രസീതികൾ പ്രകാരം താഴെ പറയുന്ന സ്ഥീരനിക്ഷേപങ്ങളാണുള്ളത്. രജിസ്റ്ററിലെ തുകയുമായി ഇവ പോരുത്തപ്പെടുന്നില്ല.

| ബാങ്ക് | FD രസീതി നം. | തിയതി | ഡെപ്പോസിറ്റ് |
|---|---|---|---|
| വല്ലങ്ങി - വിത്തനശ്ശേരി സഹകരണ ബാങ്ക് | 29480 | 30/10/2017 | 122839 |
| | 29481 | 30/10/2017 | 122839 |
| | 29482 | 30/10/2017 | 122839 |
| | 29483 | 30/10/2017 | 122839 |
| | 29484 | 30/10/2017 | 122839 |
| | 29485 | 30/10/2017 | 68244 |
| | 30314 | 16/10/2017 | 110588 |
| | 30315 | 16/10/2017 | 110588 |

| | | | |
|---|---|---|---|
| | 30316 | 16/10/2017 | 110588 |
| | 30317 | 16/10/2017 | 110588 |
| | 30318 | 16/10/2017 | 110588 |
| | 30319 | 16/10/2017 | 110649 |
| | 31367 | 28/06/2017 | 108160 |
| | 31368 | 28/06/2017 | 108160 |
| | 31369 | 28/06/2016 | 108160 |
| | 31370 | 28/06/2017 | 54080 |
| | 31404 | 05/01/2018 | 108420 |
| | 31405 | 05/01/2018 | 108420 |
| | 31406 | 05/01/2018 | 108420 |
| | 31407 | 05/01/2018 | 108420 |
| | 31408 | 05/01/2018 | 108420 |
| | 31409 | 05/01/2018 | 108420 |
| | 31410 | 05/01/2018 | 108420 |
| | 31411 | 05/01/2018 | 108420 |
| | 31412 | 05/01/2018 | 108420 |
| | 31413 | 05/01/2018 | 108420 |
| | 31414 | 05/01/2018 | 108420 |
| | 31415 | 05/01/2018 | 108420 |
| | 31416 | 05/01/2018 | 108420 |
| | 31417 | 05/01/2018 | 108420 |
| | 31418 | 05/01/2018 | 108420 |
| | 31419 | 05/01/2018 | 108420 |
| | 31420 | 05/01/2018 | 108420 |
| | 31421 | 05/01/2018 | 108420 |
| | 31422 | 05/01/2018 | 108420 |
| | 31423 | 05/01/2018 | 13129 |
| | 32843 | 11/10/17 | 4000000 |
| യൂണിയൻ ബാങ്ക് | 223499 | 30/12/2017 | 517780 |
| | 223217 | 28/02/2018 | 3394643 |
| | 223464 | 2/11/2017 | 2213754 |

| | | | |
|---|---|---|---|
| ആകെ | | | 13923874 |

223499 എന്ന യൂണിയൻ ബാങ്ക് F.D യുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പലിശ ഉൾപ്പെടെയുള്ള 28.3.2018ലെ തുക 544733/- രൂപയാണ്. 29-12-2018 ലെ ആകെ തുകയായ 571623/- രൂപയ്ക്ക് പുതിയ FD രസീതി ലഭ്യമായിട്ടുണ്ട് (739271/30.12.18).

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം 40,678/-രൂപയുടെ വരവുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. വാർഷികകണക്കുകൾ പ്രകാരം 41588/- രൂപ വരവുണ്ട്. അതിൽ 910/- രൂപ കറക്ഷൻ എൻട്രിയാണ്. യഥാർത്ഥ വരവല്ല.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2016-17<br>KSA PKD 18/1589/ 11.10.2017 | 3-18 | 3294 | ശ്രീ. വി.എച്ച്. അബ്ദുൽ കരീം | Voucher-117020106383/ 25.10.17 |
| | 3-18 | 17484 | ശ്രീ. വി.എച്ച്. അബ്ദുൽ കരീം | 117020106636/ 2.11.2017 |
| | 2- (തൊഴിൽ നികുതി) | 2500 | സെക്രട്ടറി<br>വല്ലങ്ങി വിത്തനശേരി കോഓപ്പറേറ്റീവ് ബാങ്ക് | 117020107660/ 24.11.17 |
| | 3-5 | 17400 | ശ്രീ. ഇ.ഷാജഹാൻ<br>സെക്രട്ടറി | 117020113229/ 31.3.18 |
| ആകെ | | 40678 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 3-17 (11) | 2005-06 | 2.58.1 | കരിങ്കല്ല് ലേലം | ആർ.ആർ നടപടികൾക്കായി കത്ത് നല്കി. |
| 2009-10 | 3-20 | 2010-11 | - | VFPCK | ആർ.ആർ കത്ത് നല്കി |
| 2014-15 | പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | 2014-15 | 5 | മൃഗ സംരക്ഷണം/ ക്ഷീര വികസനം പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | സമിതി വിഷയം പരിഗണിച്ചിട്ടില്ല |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 159810396 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 126981689 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 442724 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1481999 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 13971 | ശ്രീ.അബ്ദുൾ കരീം അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-1 | | 6761 | ശ്രീ.തോമസ് ജോൺ അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 2032 | ശ്രീ.തോമസ് ജോൺ അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-12 | | 350000 | ശ്രീ. ഉണ്ണികൃഷ്ണൻ സെക്രട്ടറി |
| 3-15 | | 6000 | ശ്രീ. ഉണ്ണികൃഷ്ണൻ സെക്രട്ടറി |
| 3-20 | | 64000 | ശ്രീ.ഗോപകുമാർ അസിസ്റ്റന്റ് സെക്രട്ടറി |
| | ആകെ | 442724 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 21860 | ശ്രീ.വരുൺ കൃഷി ഓഫീസർ |

| | | |
|---|---|---|
| 3-12 | 850000 | ശ്രീ. ഉണ്ണികൃഷ്ണൻ സെക്രട്ടറി |
| 3-17 | 148960 | ശ്രീ. ഉണ്ണികൃഷ്ണൻ സെക്രട്ടറി |
| 3-18 | 426179 | ശ്രീ. ഉണ്ണികൃഷ്ണൻ സെക്രട്ടറി |
| 3-20 | 35000 | ശ്രീ.ഗോപകുമാർ അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 1481999 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ഇനം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-22 | ആദായനികുതി | 9000 | ശ്രീ. ഉണ്ണികൃഷ്ണൻ സെക്രട്ടറി |

ജി.എസ്.റ്റി -2488/-രു – ശ്രീ. അബ്ദുൾ കരീം, അസിസ്റ്റന്റ് എഞ്ചിനീയർ, തോമസ് ജോൺ, അസിസ്റ്റന്റ് എഞ്ചിനീയർ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

3-1

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ.ഉണ്ണികൃഷ്ണൻ.പി.ആർ<br>സെക്രട്ടറി | സെക്രട്ടറി<br>വടവന്നൂർ<br>ഗ്രാമപഞ്ചായത്ത് | പണിക്കരേത്ത്, വരവിള(പി.ഒ)<br>തിരുവനന്തപുരം – 690528 |
| ശ്രീ. ഗോപകുമാർ<br>അസിസ്റ്റന്റ് സെക്രട്ടറി | കളിയൂർ<br>ഗ്രാമപഞ്ചായത്ത് | ടി.പി.68/848<br>തങ്കപ്പ ബിൽഡിംഗ്<br>പാച്ചല്ലൂർ (പി.ഒ)<br>തിരുവനന്തപുരം |
| ശ്രീ. അബ്ദുൾ കരീം. വി.എച്ച്<br>അസി. എഞ്ചിനീയർ | വിരമിച്ചു | വലിയവീട്ടിൽ ഹൗസ്, കുറുമല,<br>ചേലക്കര, തൃശ്ശൂർ |
| ശ്രീ. തോമസ്.പി. ജോൺ,<br>അസി. എഞ്ചിനീയർ | വിരമിച്ചു | പൂച്ചാലിൽ ഹൗസ്,<br>പുത്തൻവേലിക്കര(പി.ഒ),<br>നോർത്ത് പറവൂർ, എറണാകുളം – 683594 |

## **4-10** തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി.10-486/01/12-6-2001 | 4 |
| 1997-98 | എൽ.എഫ്.പി.10-825/02/6-2-2003 | 6 |
| 1998-99 | എൽ.എഫ്.പി.10-825/02/6-2-2003 | 9 |
| 1999-2000 | എൽ.എഫ്.പി.12-242/09/8-5-2010 | 11 |
| 2000-01 | എൽ.എഫ്.പി.12-202/09/6-5-2010 | 8 |
| 2001-02 | എൽ.എഫ്.പി.12-247/09/6-5-2010 | 12 |
| 2002-03 | എൽ.എഫ്.പി.12-986/06/5-4-2008 | 7 |
| 2003-04 | എൽ.എഫ്.പി.12-987/05/7-2-2006 | 5 |

| | | |
|---|---|---|
| 2004-05 | എൽ.എഫ്.പി.12-39/09/5-1-2010 | 13 |
| 2005-06 | എൽ.എഫ്.പി.11-239/10/4-1-2011 | 8 |
| 2006-07<br>2007-08<br>2008-09 | എൽ.എഫ്.പി.18-895/11/27-10-2011 | 10 |
| 2009-10<br>2010-11 | എൽ.എഫ്.പി.18-2191/12/6-5-2013 | 4 |
| 2011-12 | എൽ.എഫ്.പി.18-46/14/2-4-2014 | 11 |
| 2012-13 | എൽ.എഫ്.പി.18-643/15/24.8.15 | 11 |
| 2013-14<br>2014-15 | കെ.എസ്.എ-പികെഡി18/1416<br>/16/9.8.2016 | 11 |
| 2015-16 | കെ.എസ്.എ-പികെഡി18/227<br>/16/8.2.2017 | 10 |
| 2016-17 | കെ.എസ്.എ-പികെഡി18/1589<br>/17/23.8.2017 | 27 |

തീർപ്പാക്കുവാൻ അവേശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# Annexure-1

# Audit certificate

നം.കെ.എസ്.എ-പികെഡി.21/1904(34)/2018 തിയതി:29-8-2018

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും നെന്മാറ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തി അപാകതകൾ

1) താഴെ പറയുന്ന വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററിലെ തുകകൾ വാർഷികകണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

a. വസ്തു നികുതി

b. തൊഴിൽ നികുതി

c. വാടക

d. ഡി ആന്റ് ഓ ലൈസൻസ്

2) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 ൽ രേഖപ്പെടുത്തിയ തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. Auction deposit, Deposit received from others എന്നിവയിൽ രേഖപ്പെടുത്തിയ തുക ഡെപ്പോസിറ്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

3) വാർഷിക കണക്കിലെ അഡ്വാൻസ് തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

4) Investment Register എഴുതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഷെഡ്യൂൾ ബി-12 ൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

5) ഷെഡ്യൂൾ ബി-17, ഷെഡ്യൂൾ RP-40(b) എന്നിവയിലെ തുക Bank statement/ Pass book മായി പൊരുത്തപ്പെടുത്തിയിട്ടില്ല.

ഉദാ.

എസ്.ബി. ടി, റെയിൽവെ

എസ്.ബി.ഐ, നെന്മാറ

എസ്. ബി. ഐ, നെന്മാറ (തനത് ഫണ്ട്)

6) തൻവർഷ കുടിശ്ശിക തുകകൾക്ക് Income And Expenditure Account ൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

7) ആസ്തികൾക്ക് Income And Expenditure Account ൽ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

8) വി.ഇ.ഒ TR-7 A ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.

8) ഡേ ബുക്ക് ദിവസേന പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

# Annexure- 2

## ഓഡിറ്റ് ചെയ്ത കണക്കുകൾ

| | | | |
|---|---|---|---|
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 98428.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 16000.00 |
| 280000000 | Prior Period item | RP-26 | 648.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2689393.00 |
| 350000000 | Other Liabilities | RP-36 | 5071122.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 9633.00 |
| 330000000 | Secured Loans | RP-32 | 2150000.00 |
| 340000000 | Deposits Received | RP-34 | 106919.00 |
| 350000000 | Other Liabilities | RP-36 | 3105387.00 |
| 410000000 | Fixed Assets | RP-38 | 12430731.00 |
| 412000000 | Capital work in Progress | RP-40 | 15836757.00 |
| 420000000 | Investments | RP-41 | 4000000.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 17919790.00 |
| 460000000 | Loans, Advances and Deposits | RP-47 | 2932089.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 32619144.00 |
| Cash | Cash | RP-40(b) | 209563.00 |
| | **Grand Total** | | **159810396.00** |

| **Nemmara Grama Panchayat INCOME & EXPENDITURE STATEMENT** | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 8383761.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 2348455.00 |
| 140000000 | Fee & User Charges | I-4(b) | 4515740.00 |
| 150000000 | Sale & Hire Charges | I-5(b) | 232000.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 145244555.00 |
| 170000000 | Income from Investments | I-7 | 412568.00 |
| 171000000 | Interest Earned | I-8 | 74265.00 |
| 180000000 | Other Income | I-9 | 195668.00 |
| | **Total Income** | | **161407012.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 12335699.00 |
| 220000000 | Administrative Expenses | I-11(b) | 2011596.00 |
| 230000000 | Operations & Maintenance | I-12(b) | 6017158.00 |
| 240000000 | Interest & Finance Charges | I-13 | 9633.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 20091548.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 28592888.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3377288.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 6158255.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 69496815.00 |
| 255000000 | Maintenance Projects | I-14(e) | 8791113.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 98428.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 16000.00 |
| | **Total Expenditure** | | **156996421.00** |
| | **Gross Surplus/ Deficit of income over Expenditure** | | **4410591.00** |
| 280000000 | Prior Period Item | I-18 | -2119041.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **6529632.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

**Nemmara Grama Panchayat BALANCE SHEET**

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 20054253.20 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 40887.00 |
| 312000000 | Reserves | B-3 | 74801538.00 |
| | **Total Reserve & Surplus** | | **94896678.20** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 14272292.00 |
| | **Total Grants, Contributions for Specific Purposes** | | **14272292.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 0.0 |
| | **Total Loans** | | **0.0** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 42303706.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2114986.80 |
| | **Total Current Liabilities and Provisions** | | **44418692.80** |
| | **TOTAL LIABILITIES** | | **153587663.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 68197934.00 |
| 412000000 | Capital Work in Progress | B-11(a) | 17927066.00 |
| | **Total Fixed Assets** | | **86125000.00** |
| | **Investments** | | |

| | | | |
|---|---|---|---|
| 420000000 | Investments-General Fund | B-12 | 13772350.00 |
| | **Total Investments** | | **13772350.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 20191984.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 32828707.00 |
| 460000000 | Loand, Advances and Deposits | B-18 | 669622.00 |
| | **Total Current Assets, Loans and Advances** | | **0.0** |
| | **Total Current Assets, Loans and Advances** | | **53690313.00** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | **TOTAL ASSETS** | | **153587663.00** |

ഡെപ്യൂട്ടി ഡയറക്ടർ